**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ
# (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2019 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2019)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

(Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2019 ജൂൺ 27-ാം തീയതി സമർപ്പിച്ചത്
(Presented on 27th June, 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIV
## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2019 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

657/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 53 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,

മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി*

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

---

* 9-4-2019-ന് അന്തരിച്ചു.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ - ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനാലാം കേരള നിയമസഭയുടെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി XIV (2016-2018)-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷനും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. കെ. എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. സി. കെ. നാണു, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. എ. പ്രദീപ്കുമാർ, ശ്രീ. രാജു എബ്രഹാം, ശ്രീ. ആർ. രാമചന്ദ്രൻ എന്നിവർ അംഗങ്ങളും, 23-9-2016 മുതൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പ്രത്യേക ക്ഷണിതാവുമാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സമിതി അംഗത്വം രാജിവച്ചതിനെത്തുടർന്ന് 12-6-2017-ലെ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം ഡോ. എം. കെ. മുനീർ സമിതി അംഗമായി. 2019 ജനുവരി 7-ലെ 598-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം 2019-2021 കാലയളവിലേയ്ക്കായി സമിതി പുനഃസംഘടിപ്പിച്ചു. സമിതി അംഗമായ ശ്രീ. കെ. എം. മാണി 9-4-2019-ന് അന്തരിച്ചു.

പതിനാലാം കേരള നിയമസഭയുടെ കാലയളവിലുള്ള സമിതി 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ 7-5-2018, 12-6-2018, 3-12-2018, 19-2-2019, 6-3-2019, 13-3-2019-തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ മൂന്ന് യോഗങ്ങൾ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും രണ്ട് യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കുവേണ്ടിയും ഒരു യോഗം കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കളുടെ സാധൂകരണം, വിവിധ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന എന്നിവയ്ക്ക് വേണ്ടിയും ഉള്ളതായിരുന്നു. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 45.5 ശതമാനമായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങളും, മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും നാലാം അദ്ധ്യായത്തിൽ കേരള നിയമസഭാ ചട്ടം 235A പ്രകാരം ചേർന്ന യോഗങ്ങളുടെ വിവരങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതി ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടേയും കാലതാമസ പത്രികകളുടേയും വിവരങ്ങളും ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ തുടർനടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2019 ജൂൺ 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2019 ജൂൺ 24.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 19-2-2019, 6-3-2019 എന്നീ തീയതികളിലായി 2019-20 സാമ്പത്തികവർഷത്തെ ബജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധന നടത്തിയതിൻപ്രകാരം തയ്യാറാക്കിയ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് 13-3-2019-ലെ സമിതിയോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ II | - | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ |
| ധനാഭ്യർത്ഥന നമ്പർ III | - | നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന നമ്പർ IV | - | തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന നമ്പർ XII | - | പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | - | ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | - | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XVII | - | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം |
| ധനാഭ്യർത്ഥന നമ്പർ XXIII | - | വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന നമ്പർ XXIV | - | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ XXXVII | - | വ്യവസായങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | - | ഗതാഗതം |

1-4-2017 മുതൽ 31-3-2018 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതിയുടെ 12-6-2018-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2018 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 12-6-2018-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2018 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 18-6-2018-ന് സഭയിൽ സമർപ്പിച്ചു.

2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 4-12-2018-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ 12-6-2018-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 18-6-2018-ന് സഭയിൽ സമർപ്പിച്ചു.
2. 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ 3-12-2018-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 4-12-2018-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

### (എ) കരട് ചട്ടങ്ങൾ

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു:

### 7-5-2018-ലെ യോഗം

1. ദി കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) റൂൾസ്, 2018.

   (ഫയൽ നമ്പർ 5622/സബ്.സി.ഡി2/2016/ നി.സെ.)

2. ദി കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് (അമെന്റ്മെന്റ്) റൂൾസ്, 2018.

   (ഫയൽ നമ്പർ 2105/സബ്.സി.ഡി2/2018/ നി.സെ.)

3. ദി കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018 [ഭാഗം I-ലെ അപ്പെൻഡിക്സ്-IV-ന്റെ ഭേദഗതി.]

(ഫയൽ നമ്പർ 1841/സബ്.സി.ഡി2/2018/ നി.സെ.)

4. ദി കേരള സർവ്വീസ് (അമെന്റ്മെന്റ് ) റൂൾസ്, 2018 [ഭാഗം III-ലെ ചട്ടം 20 -ന്റെ ഭേദഗതി.] (ഫയൽ നമ്പർ 1840/സബ്.സി.ഡി2/2018/ നി.സെ.)

5. ദി കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018 [ഭാഗം III-ലെ ചട്ടം 67, 71 എന്നിവയുടെ ഭേദഗതി.]

(ഫയൽ നമ്പർ 1876/സബ്.സി.ഡി2/2018/ നി.സെ.)

6. ദി കേരള സർവ്വീസ് (അമെന്റ്മെന്റ്)റൂൾസ്, 2018 [ഭാഗം I-ലെ അനുബന്ധം VII-ലെ വിഭാഗം II- ന്റെ ഭേദഗതി.]

(ഫയൽ നമ്പർ 2031/സബ്.സി.ഡി2/2018/ നി.സെ.)

7. ദി കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018 [ഭാഗം III-ലെ ചട്ടം 90(6) (c)-ന്റെ ഭേദഗതി.]

(ഫയൽ നമ്പർ 2126/സബ്.സി.ഡി2/2018/ നി.സെ.)

### 12-6-2018-ലെ യോഗം

8. കേരള പബ്ലിക് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2018.

(ഫയൽ നമ്പർ 2857/സബ്.സി.ഡി2/2018/ നി.സെ.)

### 3-12-2018-ലെ യോഗം

9. കേരള സർവ്വീസ് (ഭേദഗതി) റൂൾസ്, 2018 (കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 143 ന്റെ ഭേദഗതി).

(ഫയൽ നമ്പർ 4053/സബ്.സി.ഡി2/2018/ നി.സെ.)

10. കേരള സർവ്വീസ് (ഭേദഗതി) റൂൾസ്, 2018 (കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 63-ന്റെ ഭേദഗതി).

(ഫയൽ നമ്പർ 4517/സബ്.സി.ഡി2/2018/ നി.സെ.)

11. കേരള സർവ്വീസ് (ഭേദഗതി) റൂൾസ്, 2018 [കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 90 (9), 118 എന്നിവയുടെ ഭേദഗതി].

(ഫയൽ നമ്പർ 5090/സബ്.സി.ഡി2/2018/ നി.സെ.)

12. കേരള സർവ്വീസ് (ഭേദഗതി) റൂൾസ്, 2018 (കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 68, 90 എന്നിവയുടെ ഭേദഗതി).

(ഫയൽ നമ്പർ 5388/സബ്.സി.ഡി2/2018/ നി.സെ.)

13. കേരള സർവ്വീസ് (ഭേദഗതി) ചട്ടം, 2018 [കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 90 (6)-ന്റെ ഭേദഗതി].

(ഫയൽ നമ്പർ 6061/സബ്.സി.ഡി2/2018/ നി.സെ.)

14. കേരള സർവ്വീസ് (ഭേദഗതി) റൂൾസ്, 2018 (കെ.എസ്.ആർ. ഭാഗം I-ലെ ചട്ടം 102c-ന്റെ ഭേദഗതി)

(ഫയൽ നമ്പർ 6308/സബ്.സി.ഡി2/2018/ നി.സെ.)

15. കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് (ഭേദഗതി) റൂൾസ്, 2018. (ചട്ടം 86-ൽ ഉപ ചട്ടം 8 കൂട്ടിച്ചേർക്കൽ)

(ഫയൽ നമ്പർ 4648/സബ്.സി.ഡി2/2018/ നി.സെ.)

16. കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് (ഭേദഗതി) റൂൾസ്, 2018. (ചട്ടം 32A, 33A എന്നിവയുടെ ഭേദഗതി).

(ഫയൽ നമ്പർ 6546/സബ്.സി.ഡി2/2018/ നി.സെ.)

17. കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് (ഭേദഗതി) റൂൾസ്, 2018. (ചട്ടം 41-ന്റെ ഭേദഗതി).

(ഫയൽ നമ്പർ 5451/സബ്.സി.ഡി2/2018/ നി.സെ.)

18. പ്രവാസി ഭാരതീയർ (കേരളീയർ)കമ്മീഷൻ ചട്ടം, 2018.

(ഫയൽ നമ്പർ 1807/സബ്.സി.ഡി2/2016/ നി.സെ.)

19. സ്പെഷ്യൽ റൂൾസ് ഫോർ ദി സബോർഡിനേറ്റ് സർവ്വീസ് ഇൻ ദി യൂണിറ്റ് കംപ്രൈസിംഗ് ദി ഓഫീസസ് ഓഫ് ദി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ആന്റ് വിജിലൻസ് ട്രൈബ്യൂണൽസ് (അമെന്റ്മെന്റ്), 2018.

(ഫയൽ നമ്പർ 5848/സബ്.സി.ഡി2/2018/ നി.സെ.)

### താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതികളോടെ അംഗീകരിച്ചു:

### 7-5-2018-ലെ യോഗം

1. കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് (അമെന്റ്മെന്റ്) റൂൾസ്, 2017.

   (ഫയൽ നമ്പർ 5389/സബ്.സി.ഡി2/2017/നി.സെ.)

2. കേരള സർവ്വീസ് (ഭേദഗതി) റൂൾസ്, 2017 (ഭാഗം III-ലെ ചട്ടം 62 & 63-ന്റെ ഭേദഗതി).

   (ഫയൽ നമ്പർ 5487/സബ്.സി.ഡി2/2017/ നി.സെ.)

3. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ്, 2017 (കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ലെ ചട്ടം 10 ന്റെ ഭേദഗതി).

   (ഫയൽ നമ്പർ 5939/സബ്.സി.ഡി2/2017/ നി.സെ.)

4. കേരള ഗവൺമെന്റ് സർവ്വന്റ്സ് കോണ്ടക്ട് (അമെന്റ്മെന്റ്) റൂൾസ്, 2017 (സർക്കാർ ജീവനക്കാരുടെ സ്വത്ത് വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള ഭേദഗതി).

   (ഫയൽ നമ്പർ 1163/സബ്.സി.ഡി2/2018/ നി.സെ.)

### (B) സമിതി സാധൂകരണം നൽകിയ ചട്ടങ്ങളുടെ വിശദാംശം

സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിച്ച താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു:

### 7-5-2018-ലെ യോഗം

1. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) ചട്ടം, 2018 (എസ്.ആർ.ഒ. 861/2017).

   (ഫയൽ നമ്പർ 1128/സബ്.സി.ഡി2/2018/ നി.സെ.)

2. മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ചട്ടങ്ങൾ, 2015 (എസ്.ആർ.ഒ. 768/2015).

   (ഫയൽ നമ്പർ 803/സബ്.സി.ഡി2/2016/ നി.സെ.)

3. കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവ്വീസ് വിശേഷാൽ ചട്ടം (ഭേദഗതി) 2017. (എസ്.ആർ.ഒ. 614/2017).

(ഫയൽ നമ്പർ 5789/സബ്.സി.ഡി2/2017/ നി.സെ.)

4. ദി കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (അമെന്റ്മെന്റ്) റൂൾസ്, 2017. (എസ്.ആർ.ഒ. 601/2017).

(ഫയൽ നമ്പർ 495/സബ്.സി.ഡി2/2018/ നി.സെ.)

5. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (രണ്ടാം ഭേദഗതി) ചട്ടങ്ങൾ, 2016. (എസ്.ആർ.ഒ. 724/2016).

(ഫയൽ നമ്പർ 5303/സബ്.സി.ഡി2/2017/ നി.സെ.)

6. കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് (മിസ്സലേനിയസ് പോസ്റ്റ്സ് ഇൻ ദി സെക്രട്ടേറിയറ്റ്) (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2017 (എസ്.ആർ.ഒ. 228/ 2017).

(ഫയൽ നമ്പർ 3038/സബ്.സി.ഡി2/2017/ നി.സെ.)

**3-12-2018-ലെ യോഗം**

7. കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് (ഭേദഗതി) റൂൾസ് 2016., (എസ്.ആർ.ഒ. 796/ 2016).

(ഫയൽ നമ്പർ 4649/സബ്.സി.ഡി2/2018/നി.സെ.)

8. ദി കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ, 2018 (എസ്.ആർ.ഒ. 534/ 2018).

(ഫയൽ നമ്പർ 4910/സബ്.സി.ഡി2/2018/നി.സെ.)

9. ദി കേരള സർവ്വീസ് (11-ാം ഭേദഗതി) റൂൾസ്, 2018 (എസ്.ആർ.ഒ. 572/ 2018.

(ഫയൽ നമ്പർ 5105/സബ്.സി.ഡി2/2018/നി.സെ.)

10. ദി കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2018 (എസ്.ആർ.ഒ. 304/ 2018).

(ഫയൽ നമ്പർ 6124/സബ്.സി.ഡി2/2018/നി.സെ.)

## അദ്ധ്യായം IV

## കേരള നിയമസഭയുടെ ചട്ടം 235 A പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

ഈ കാലയളവിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

**കേരള നിയമസഭയുടെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ. | വകുപ്പ്/സ്ഥാപനം | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 2010-11 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്) | 20-6-2018 |
| 2011-12 | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | |
| 2012-13 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്) | |
| 2014-15 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ഐ.എം.ജി.) | |
| 2017-18 | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് | |
| 2010-11 | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | 6-12-2018 |
| 2011-12 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) | |
| 2012-13 | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | |
| 2013-14 | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | |

| 1 | 2 | 3 | 4 |
|---|---|---|---|
| 2014-15 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) | |
| 2015-16 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) | |
| | XII—പോലീസ് | വിജിലൻസ് വകുപ്പ് | |
| | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | വിവരസാങ്കേതിക വിദ്യാ വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) | |
| | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | |
| 2016-17 | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | വിവരസാങ്കേതിക വിദ്യാ വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) | |
| | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | 6-12-2018 |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് (സ്റ്റേഷനറി) | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ഐ.എം.ജി.) | 6-12-2018 |
| 2016-17 | XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | |

| 1 | 2 | 3 | 4 |
|---|---|---|---|
| | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു.) വകുപ്പ് | |
| | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പ് | |
| | IV—തെരഞ്ഞെടുപ്പുകൾ | ഇലക്ഷൻ വകുപ്പ് | |
| | XII— പോലീസ് | വിജിലൻസ് വകുപ്പ് | |
| | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | |
| 2017-18 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഐ.എം.ജി.) വകുപ്പ് | 6-12-2018 |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് (സ്റ്റേഷനറി) | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് (അച്ചടി) | |
| | XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ശാസ്ത്രസാങ്കേതിക വകുപ്പ് | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ) | |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 2017-18 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | കേരളീയ പ്രവാസികാര്യ വകുപ്പ് | 6-12-2018 |
| | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | നിയമ വകുപ്പ് | |
| | III—നീതിന്യായ നിർവ്വഹണം | നിയമ വകുപ്പ് | |
| | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | നിയമ വകുപ്പ് | 6-12-2018 |
| | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പാർലമെന്ററികാര്യ വകുപ്പ് | |
| | III—നീതിന്യായ നിർവ്വഹണം | നിയമ വകുപ്പ് (കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ) | |
| | XXXVII—വ്യവസായങ്ങൾ | വിവരസാങ്കേതിക വിദ്യാ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ആന്റ് ടെക്നോളജി, IIITM-K, ടെക്നോപാർക്ക്, തിരുവനന്തപുരം | |
| 2017-18 | XXXVII—വ്യവസായങ്ങൾ | വിവരസാങ്കേതിക വിദ്യാവകുപ്പ് (ടെക്നോപാർക്ക്, തിരുവനന്തപുരം) | 6-12-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| | XXXVII—വ്യവസായങ്ങൾ | ആസൂത്രണ സാമ്പത്തികാര്യ (ബി.പി.ഇ.) വകുപ്പ് | 6-12-2018 |
| | XXIII—വാർത്താവിതരണവും പ്രചരണവും | വിവര പൊതുജന സമ്പർക്ക വകുപ്പ് | |
| 2013-14 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) | 30-1-2019 |
| 2017-18 | II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ധനകാര്യ വകുപ്പ് | 30-1-2019 |

## അദ്ധ്യായം VI

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം

### 1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ ആകെ 151 ശിപാർശകളാണുണ്ടായിരുന്നത്. ആയതിൽ ഖണ്ഡിക 6, 7, 113, 114, 115, 116, 127, 128, 129, 130, 131, 132 എന്നീ ശിപാർശകളിന്മേൽ ഇടക്കാല മറുപടി വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിലെ മുഴുവൻ ശിപാർശകളിന്മേലും അന്തിമ നടപടി സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കാനുണ്ട്.

### 2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

#### ശിപാർശ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ തുക സമിതി പരിശോധിച്ചു. കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക

വസ്തിയുടെയും വാടക, പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ, കമ്മീഷന്റെ ഓഫീസുകളിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായ ചെറുകിട മരാമത്ത് പണികൾ, ഓഫീസ് ഉപകരണങ്ങളുടെ സംരക്ഷണം, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 27 ലക്ഷം രൂപയും, 07-പ്രസിദ്ധീകരണങ്ങൾ എന്നയിനത്തിൽ 62 ലക്ഷം രൂപയും, 17-ചെറുകിട മരാമത്തു പണികൾ എന്നയിനത്തിൽ 2 കോടി രൂപയും, 18-സംരക്ഷണം എന്നയിനത്തിൽ 50 ലക്ഷം രൂപയും, 21-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 5,80,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

കേരള നിയമസഭയുടെ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ ശിപാർശകളിലെ ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തിനുപരിയായി 06-വാടക, കരം, നികുതി എന്ന ഉപശീർഷകത്തിൽ 22.47 ലക്ഷം (ഇരുപത്തിരണ്ട് ലക്ഷത്തി നാല്പത്തി ഏഴായിരം രൂപ മാത്രം) രൂപയും 17-ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 65.29 ലക്ഷം (അറുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം) രൂപയും അനുവദിച്ചിട്ടുണ്ട്. 07-പ്രസിദ്ധീകരണങ്ങൾ, 18-സംരക്ഷണം, 21-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഉപശീർഷകങ്ങളിൽ നിയമസഭാസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സ്പെ.ഇ 1/78/2018/പൊ.ഭ.വ., തീയതി 4-10-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

വിവിധ തസ്തികകളിലായി 60 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടത്തേണ്ടതുള്ളതിനാൽ '28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 10 കോടി രൂപയും '34-മറ്റുചെലവുകൾ' എന്ന ഇനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ എന്ന ഉപശീർഷകത്തിൽ 25 കോടി രൂപയും 34-3 മറ്റ് ചെലവുകൾ എന്ന ഉപശീർഷകത്തിൽ ഒരു കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സ്പെ.ഇ 1/78/2018/പൊ.ഭ.വ., തീയതി 4-10-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

നിയമ വകുപ്പിനെ സംബന്ധിച്ച "2052-00-090-95" എന്ന ശീർഷകത്തിൻ കീഴിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 01 —ശമ്പളം | - | 70,00,000 രൂപ |
| 04-1 —യാത്രാബത്ത | - | 1,24,000 രൂപ |
| 04-2 —സ്ഥലംമാറ്റ ബത്ത | - | 40,000 രൂപ |
| 04-4 —അവധി യാത്രാനുകൂല്യം | - | 2,00,000 രൂപ |
| 05-3 —ടെലിഫോൺ ചെലവ് | - | 47,000 രൂപ |
| 21-1 —വാഹനം വാങ്ങൽ | - | 8,00,000 രൂപ |
| 21-2 —മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 70,000 രൂപ |
| 45 —പി.ഒ.എൽ. | - | 61,000 രൂപ |

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

ബഹുമാനപ്പെട്ട സമിതിയുടെ മേൽ ശിപാർശകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ബജറ്റ് കണക്ക് ശീർഷകങ്ങളിൽ അധികമായി തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയും, ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ ബജറ്റ് വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് വിശദമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ

നിർദ്ദേശം പരിശോധിക്കാവുന്നതാണെന്ന് ധനകാര്യ (വ്യയം-ബി) വകുപ്പ് 5-7-2017-ലെ വ്യയം-ബി2/495/2017/ധന-ഇ 518908-ാം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ഈ വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന് പുതിയ വാഹനം വാങ്ങുന്നതിന് 8,00,000 രൂപ (എട്ട് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്നഭ്യർത്ഥിച്ച് പ്രത്യേകമായി ഒരു ഫയൽ ധനകാര്യ വകുപ്പിന് നൽകുകയും ചെയ്തിരുന്നു.

2017-18-ലെ ബജറ്റ് വിഹിതം വിനിയോഗിച്ച് തീർന്നതിനെ തുടർന്ന് ഈ വകുപ്പിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ "2052-00-090-95-45-പി.ഒ.എൽ." എന്ന ബജറ്റ് കണക്ക് ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ ഇനത്തിൽ 1,00,000 രൂപയും, റീ അപ്രോപ്രിയേഷൻ ഇനത്തിൽ 46,000 രൂപയും ഉൾപ്പെടെ ആകെ 1,46,000 (ഒരു ലക്ഷത്തി നാല്പത്തി ആറായിരം രൂപ മാത്രം), "2052-00-090-95-04-2-സ്ഥലംമാറ്റ ബത്ത" എന്ന ബജറ്റ് കണക്ക് ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ ഇനത്തിൽ ആകെ 3,000 രൂപയും (മൂവായിരം രൂപാ മാത്രം) ധനകാര്യ വകുപ്പിൽ നിന്നും അനുവദിക്കുകയുണ്ടായി.

ബഹു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന് പുതിയ വാഹനം വാങ്ങുന്നതിന് 8,00,000 രൂപ (എട്ട് ലക്ഷം രൂപാ മാത്രം) അനുവദിക്കണമെന്നഭ്യർത്ഥിച്ച് 20-6-2017-ലെ 11839/അക്കൗണ്ട്സ് IV/2017/നിയമം നമ്പരായി ധന വകുപ്പിന് ഫയൽ അയച്ചിരുന്നതും, അടുത്ത സാമ്പത്തിക വർഷം (2018-19) പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കണമെന്ന് 2017-18 സാമ്പത്തിക വർഷാവസാനം ധനകാര്യ വകുപ്പ് 28-3-2018-ലെ/വ്യയം ബി2/ 501/2017/ധന-$C_5$19621-ാം നമ്പർ uo(f) മുഖേന ഈ വകുപ്പിനോട് നിർദ്ദേശിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷം (2018-19)- ആദ്യം 6-4-2018-ന് പ്രസ്തുത പ്രൊപ്പോസൽ വീണ്ടും ധനകാര്യ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 19686/പാർല./2017/നിയമം, തീയതി 8-8-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

3451-00-090-97 എന്ന ശീർഷകത്തിൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

മോഡേണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS) കോർട്ട് കേസസ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലാ ഓഫീസസ് എന്നിവ നിയമവകുപ്പിലെ തുടർപദ്ധതികളാണ്. ടി പദ്ധതികളുടെ 2017-18 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി, LIMS-ന് "3451-00-090-98" എന്ന ശീർഷകത്തിൽ 152 ലക്ഷം രൂപയും CCMS-ന് "3451-00-090-97" എന്ന ശീർഷകത്തിൽ 9 ലക്ഷം രൂപയും പദ്ധതി വിഹിതമായി അഭ്യർത്ഥിച്ചിരുന്നു. ആയതിൽ LIMS-ന് ബഡ്ജറ്റ് വിഹിതമായി 120 ലക്ഷം രൂപ വകയിരുത്തിയപ്പോൾ CCMS-ന് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. ആയതിനാൽ LIMS-ന് അനുവദിച്ച തുകയായ 120 ലക്ഷം രൂപയ്ക്കകത്ത് നിൽക്കുന്ന തരത്തിൽ CCMS പദ്ധതി നടത്തിപ്പിനുള്ള 9 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ 26-9-2017-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിന്റെ 12-ാമത് യോഗം തീരുമാനിക്കുകയും ആയതിന് 17-10-2017-ലെ സ.ഉ. (സാധാ.) നമ്പർ 1299/2017/നിയമം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ആയതിനാൽ പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി XIV, 14-ാം ഖണ്ഡിക പ്രകാരം 3451-00-090-97 എന്ന ശീർഷകത്തിൽ നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ പദ്ധതിയ്ക്കായി ശിപാർശ ചെയ്ത 9 ലക്ഷം രൂപ നിയമവകുപ്പിലെ പദ്ധതിയ്ക്കായി അനുവദിച്ചിട്ടില്ലാത്തതും LIMS-ന് അനുവദിച്ച തുകയായ 120 ലക്ഷം രൂപയിൽ നിന്നും CCMS പദ്ധതി നടത്തിപ്പിനുള്ള 9 ലക്ഷം രൂപ കൂടി വകയിരുത്തിയതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക സംബന്ധിച്ച് നിയമ (നോഡൽ) വകുപ്പിൽ നിന്നും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

(സർക്കാർ കത്ത് നമ്പർ 19686/പാർല./2017/നിയമം, തീയതി 8-8-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സംസ്ഥാനത്തിന്റെ ഐ.ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതികൾ (ഇ-ഓഫീസ് പദ്ധതി, പബ്ലിക് വൈ-ഫൈ പദ്ധതി, ഡിജിറ്റൽ എംപവർമെന്റ് പദ്ധതി) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 3451-00-101-87 (01) എന്ന ശീർഷകത്തിൽ 21,52,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

ഇ-ഓഫീസ് പദ്ധതി, പബ്ലിക് വൈ-ഫൈ പദ്ധതി, ഡിജിറ്റൽ എംപവർമെന്റ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമായി വന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വിസവ., തീയതി 12-6-2018)

<u>ശിപാർശ</u>

കോമൺ സർവ്വീസ് സെന്റർ പദ്ധതിയുടെ നടത്തിപ്പിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3451-00-101-62 എന്ന ശീർഷകത്തിൽ 4,85,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

കോമൺ സർവ്വീസ് സെന്റർ പദ്ധതിയുടെ നടത്തിപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമായി വന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വിസവ., തീയതി 12-6-2018)

<u>ശിപാർശ</u>

നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ് എന്നീ ചെലവുകൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-00-114-98-28 എന്ന ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ശിപാർശപ്രകാരം 18-5-2017-ലെ 11258/എം.സി.1/2017/നിയമം നമ്പരായി ധനകാര്യ വകുപ്പിന് കുറിപ്പ് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19686/പാർല./2017/നിയമം, തീയതി 8-8-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2014-00-114-93 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | - | 2,00,000 രൂപ |
| 04-1—യാത്രാബത്ത | - | 2,20,000 രൂപ |
| 04-02—സ്ഥലംമാറ്റബത്ത | - | 88,000 രൂപ |
| 05-3—ടെലിഫോൺ ചെലവ് | - | 3,00,000 രൂപ |
| 05-4—മറ്റിനങ്ങൾ | - | 2,00,000 രൂപ |
| 06—വാടക, കരം, നികുതി | - | 8,17,000 രൂപ |
| 21— മോട്ടോർ വാഹനങ്ങൾ | - | 112,00,000 രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,87,000 രൂപ |
| 34—മറ്റ് ചെലവുകൾ | - | 7,00,00,000 രൂപ |

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

സ.ഉ. (സാധാ.) 8776/2017/ധന. തീയതി 23-11-2017 നമ്പർ ഉത്തരവ് പ്രകാരം 5,50,000 രൂപയും 28-3-2018 തീയതിയിലെ സ.ഉ. (സാധാ.) 2805/2018/ധന. നമ്പർ ഉത്തരവ് പ്രകാരം 82,000 രൂപയും 01-4 എന്ന ശീർഷകത്തിൽ അധിക വിനിയോഗം (Authorisation of Additional Expenditure) അനുവദിച്ചു. 04-1 എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. 04-02 എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

23-11-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 8776/2017/ധന. ഉത്തരവ് പ്രകാരം 1,50,000 രൂപയും 28-3-2018 തീയതിയിലെ സ.ഉ.(സാധാ.) 2805/2018/ധന. നമ്പർ കത്ത് പ്രകാരം 80,000 രൂപയും 05-3 എന്ന ശീർഷകത്തിൽ അധിക വിനിയോഗം (Authorisation of Additional Expenditure) അനുവദിച്ചു.

23-11-2017 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 8776/2017/ധന. പ്രകാരം 2,50,000 രൂപയും 28-3-2018 തീയതിയിലെ സ.ഉ.(സാധാ.) 2805/2018/ധന. നമ്പർ ഉത്തരവ് പ്രകാരം 1,27,000 രൂപയും 05-4 എന്ന ശീർഷകത്തിൽ അധിക വിനിയോഗം (Authorisation of Additional Expenditure) അനുവദിച്ചു.

23-11-2017 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 8776/2017/ധന. പ്രകാരം 1,86,000 രൂപയും 27-3-2018 തീയതിയിലെ സ.ഉ.(സാധാ.) 2748/2018/ധന. നമ്പർ ഉത്തരവ് പ്രകാരം 60,000 രൂപയും 06 എന്ന ശീർഷകത്തിൽ അധിക വിനിയോഗം (Authorisation of Additional Expenditure) അനുവദിച്ചു.

21-1 എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചില്ല.

8-3-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2805/2018/ധന. നമ്പർ ഉത്തരവ് പ്രകാരം 22,000 രൂപ 21-2 എന്ന ശീർഷകത്തിൽ അധിക വിനിയോഗം (Authorisation of Additional Expenditure) അനുവദിച്ചു.

28-3-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2815/2018/ധന. നമ്പർ ഉത്തരവ് പ്രകാരം 4,00,000 രൂപ 34-3 എന്ന ശീർഷകത്തിൽ അധിക വിനിയോഗം (Authorisation of Additional Expenditure) അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ19686/പാർല./2017/നിയമം, തീയതി 8-8-2018)

(കാലതാമസപത്രിക 5-12-2018 -ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2014-00-114-92- എന്ന ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 05-3 ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 84,000 രൂപ, 20,000 രൂപ എന്നിങ്ങനെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

01-4 എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

9-3-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 1786/2018/ധന. നമ്പർ ഉത്തരവ് പ്രകാരം 05-3 എന്ന ശീർഷകത്തിൽ 16,000 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 19686/പാർല./2017/നിയമം, തീയതി 8-8-2018

(കാലതാമസപത്രിക 5-12-2018 -ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2014-00-102-99 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 26,90,000 രൂപ |
| 04-1—യാത്രാബത്ത | - | 14,08,000 രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ-വാങ്ങൽ | - | 1,95,99,000 രൂപ |

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 75,00,000 രൂപ അഡീഷണൽ ഓതറൈസേഷനായി ലഭിച്ചിരുന്നു. ഇതിൽ 74,97,668 രൂപ വിനിയോഗിച്ചിട്ടുണ്ട്.

04-1-യാത്രാബത്ത എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി ലഭിച്ചിരുന്നു. ഇതിൽ 9,95,230 രൂപ വിനിയോഗിച്ചിട്ടുണ്ട്.

5-11-2017-ലെ സ.ഉ. (സാധാ.) നമ്പർ 2900/2017/ആഭ്യന്തരം പ്രകാരം 54 ലക്ഷം രൂപയ്ക്ക് 3 സെഡാൻ മോഡൽ കാറുകളും സർക്കുലേഷൻ ആവശ്യങ്ങൾക്കുവേണ്ടി 8 ലക്ഷം രൂപയ്ക്ക് ഒരു വാഹനവും വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിരുന്നു. ഹൈക്കോടതി 5-12-2017-ലെ എച്ച് 6-62586/16 നമ്പർ കത്ത് പ്രകാരം ടി നിർദ്ദേശം പുനഃപരിശോധിക്കണമെന്നും 3 സെഡാൻ മോഡൽ കാറുകൾക്ക് പകരം ബഹു. ഹൈക്കോടതി ജഡ്ജിമാർക്ക് 10 ഇന്നോവ ക്രിസ്റ്റ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും അഭ്യർത്ഥിക്കുന്നു. സർക്കാർ ഈ വിഷയം പരിശോധിക്കുകയും 9-5-2018-ലെ സ.ഉ. (സാധാ.) നമ്പർ 1339/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം 3 സെഡാൻ മോഡൽ കാറുകൾക്ക് പകരം 3 ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസപത്രിക 5-12-2018 ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

മാനന്തവാടി കോടതിയിൽ കുടുംബശ്രീ യൂണിറ്റിൽ നിന്നും നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പർമാർക്കുള്ള വേതനം നൽകുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-00-103-98-02 വേതനം എന്നയിനത്തിൽ 72,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ 02-4 കൺസോളിഡേറ്റഡ് പേ എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി പ്രസ്തുത ആവശ്യത്തിനായി 30,000 രൂപ ലഭിച്ചത് വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കീഴ്ക്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2014-00-105-99-99 എന്ന ഇനത്തിൽ 1,64,30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

30-11-2017-ലെ സ.ഉ.(സാധാ.) നമ്പർ 3207/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ജുഡീഷ്യൽ ഓഫീസർമാർക്ക് 355 ലാപ് ടോപ്പുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടി ക്രമങ്ങൾ ആരംഭിച്ചുവെങ്കിലും ഒരു സ്ഥാപനം മാത്രമേ ദർഘാസ് പരസ്യത്തോട് പ്രതികരിച്ചുള്ളൂ. പുനർ ദർഘാസ് നടപടികൾ 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ച് ലാപ് ടോപ്പുകൾ വാങ്ങാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

പുതിയതായി ആരംഭിച്ച തളിപ്പറമ്പ് കോടതിയ്ക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-00-105-98-21 മോട്ടോർ വാഹനങ്ങൾ എന്നയിനത്തിൽ 7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

തളിപ്പറമ്പ് മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലിന് വാഹനം വാങ്ങുന്നതിന് ഭരണാനുമതിയ്ക്കായുള്ള അപേക്ഷ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

G.O.(Rt.)No.437/2017/Home തീയതി 21-2-2017-ലെ ഉത്തരവ് പ്രകാരം കീഴ് കോടതികളിൽ 117 കമ്പ്യൂട്ടറുകളും, പ്രിന്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 2014-00-800-87-എന്ന ശീർഷകത്തിൽ 31,90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപയും റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ച 12.15 ലക്ഷം രൂപയും വിനിയോഗിച്ച് കീഴ്ക്കോടതികളിൽ 117 കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

പുതിയതായി പ്രവർത്തനം ആരംഭിച്ച ഇരിട്ടി ഗ്രാമന്യായാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയ്ക്കായി 2014-00-800-88-18-സംരക്ഷണം എന്ന ഇനത്തിൽ 16 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചത് 2 ലക്ഷം രൂപയായിരുന്നു. പ്രസ്തുത ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 18,86,99,000 രൂപ 2014-00-800-82- എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിൽ സംസ്ഥാനത്തിന് പ്രത്യേക കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള തുടർനടപടികൾ നിർത്തിവച്ചിരിക്കുന്നതായി കേരള സർക്കാർ 18-7-2017-ലെ 62448/സി3/2015/ ആഭ്യന്തരം കത്ത് പ്രകാരം ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. ബഹു. കേന്ദ്ര നിയമമന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് D.O.No.11013/2016 Justice II(vol II) കത്ത് പ്രകാരം പതിനാലാം

ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിനായും ഇത് സംബന്ധിച്ച് ബഹു. സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ചീഫ് ജസ്റ്റിസുമാരുടെയും കോൺഫറൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായും പുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയത് പരിഗണിച്ചും, സംസ്ഥാനത്തിലെ ജുഡീഷ്യറിയുടെ ആവശ്യങ്ങൾ പരിഗണിച്ചും സംസ്ഥാന സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഹൈക്കോടതി 8-8-2017-ലെ FW7- 42592/2013 (1), FW7-42592/2013(2) കത്തുകൾ പ്രകാരം കേന്ദ്രസർക്കാരിനോടും സംസ്ഥാന സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിക്കുകയും സംസ്ഥാനത്തിലെ ജുഡീഷ്യറിയുടെ ആവശ്യങ്ങൾ State Plan-ൽ ഉൾപ്പെടുത്തുന്നതിനായി ഹൈക്കോടതിയുടെ അപേക്ഷ തുടർ നടപടികൾക്കായി State Planning Board-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസിജ്യർ പ്രകാരം പുതിയ ശീർഷകത്തിൽ താഴെ പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

വിവരസാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്ക് വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ്-2,59,00,000 രൂപ.

വ്യവഹാര സൗഹൃദമാക്കുന്നതിനുവേണ്ടി നിലവിലുള്ള കോടതികളുടെ പുനഃനിർമ്മാണം 15,63,00,000 രൂപ.

രേഖകളുടെ സ്കാനിങ്ങും ഡിജിറ്റൈസേഷനും-4,00,00,000 രൂപ

ന്യായാധിപന്മാരുടെ പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും-1,17,00,000 രൂപ

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിൽ സംസ്ഥാനത്തിന് പ്രത്യേക കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള തുടർനടപടികൾ നിർത്തി വച്ചിരിക്കുന്നതിനായി കേരള സർക്കാർ 18-7-2017-ലെ 62448/സി3/2015/ആഭ്യന്തരം കത്ത് പ്രകാരം ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. ബഹു. കേന്ദ്രനിയമമന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് D.O.No.11013/6/2016 Justice II (vol II) കത്ത് പ്രകാരം

പതിനാലാം ധനകാര്യകമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിനായും ഇത് സംബന്ധിച്ച് ബഹു. സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ചീഫ് ജസ്റ്റിസുമാരുടെയും കോൺഫറൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായും പുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയത് പരിഗണിച്ചും, സംസ്ഥാന സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഹൈക്കോടതി 8-8-2017-ലെ FW7-42592/2013(1), FW7-42592/2013(2) കത്തുകൾ പ്രകാരം കേന്ദ്ര സർക്കാരിനോടും സംസ്ഥാന സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിക്കുകയും സംസ്ഥാനത്തിലെ ജുഡീഷ്യറിയുടെ ആവശ്യങ്ങൾ State Plan-ൽ ഉൾപ്പെടുത്തുന്നതിനായി ഹൈക്കോടതിയുടെ അപേക്ഷ തുടർനടപടികൾക്കായി State Planning Board ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി15/155/2018/ആഭ്യന്തരം, തീയതി 19-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)ത്തിനായി ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവ് വേണ്ടിവരുമെന്നും ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക റെമ്യൂണറേഷന് പുറമെ ഫോം വെരിഫിക്കേഷൻ ഇനത്തിൽ നൽകേണ്ട പ്രതിഫലവും ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തതിന്റെ ബത്തയും NERP പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രതിഫലവും നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 18,17,71,000 രൂപ 2015-00-108-99 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധികമായി 26,98,09,000 രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 173/ഇ.എ 1/2017/ഇലക്., തീയതി 16-6-2018)

<u>ശിപാർശ</u>

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽ റോൾ പ്യൂരിഫിക്കേഷൻ പ്രോഗ്രാം (NERP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും 2017-18 വർഷത്തിൽ കളർ ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ

തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയയും നടന്നുവരികയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5 കോടി രൂപ 2015-00-108-99 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്യുതിൻ പ്രകാരം അധിക തുക അനുവദിക്കുന്നതിനായി 29-5-2017 തീയതിയിലെ 1731/ഇ.എ 1/2017/ഇലക്. അനൗദ്യോഗിക കുറിപ്പ് പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അധിക തുക ലഭ്യമായിട്ടില്ല. ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ചെലവുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 173/ഇ.എ 1/2017/ഇലക്., തീയതി 16-6-2018)

ശിപാർശ

2070-00-119-98 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 3,50,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 1,75,000 രൂപ |
| 06-വാടക, കരം, നികുതി | - | 5,00,000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 8,00,000 രൂപ |
| 26-ഔദ്യോഗികഭാഷാ പ്രയോഗം | - | 9,000 രൂപ |
| 45-പി.ഒ.എൽ. | - | 59,000 രൂപ |

(ഖണ്ഡിക 104)

സ്വീകരിച്ച നടപടി

പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ലഭ്യമാക്കുവാൻ 10958/ഭരണ 1 (2)/17/നിയമം, തീയതി 29-5-2017 പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19686/പാർല.1/2017/നിയമം, തീയതി 8-8-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ആധുനിക വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനുമായി 2070-00-108-99 എന്ന ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2070-00-108-99 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | - | 50,00,000 രൂപ |
| 04—യാത്രാചെലവുകൾ 1 -യാത്രാബത്ത | - | 50,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ 1 -വെള്ളക്കരം | - | 25,00,000 രൂപ |
| 3—ടെലഫോൺ ചെലവ് | - | 5,00,000 രൂപ |
| 4—മറ്റിനങ്ങൾ | - | 20,00,000 രൂപ |
| 17—ചെറുകിട മരാമത്തുപണികൾ | - | 25,00,000 രൂപ |
| 18—സംരക്ഷണം | - | 25,00,000 രൂപ |
| 34—മറ്റ് ചെലവുകൾ 3 - മറ്റിനം | - | 25,00,000 രൂപ |

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം 04-01 ടൂർ ടി.എ. ശീർഷകത്തിൽ അഡീഷണൽ ഫണ്ടായി 4,75,00,000 രൂപയും 05-01 ശീർഷകത്തിൽ വാട്ടർ ചാർജ്ജിനത്തിൽ 5,00,000 രൂപയും 05-03 ശീർഷകത്തിൽ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 1,30,000

രൂപയും 34-03 ശീർഷകത്തിൽ 8,00,000 രൂപയും അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുണ്ട്. മറ്റ് ശീർഷകങ്ങളിൽ തുക ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

2070-00-108-97-ലെ വിവിധ ശീർഷകങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | - | 1,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ 4 - മറ്റിനങ്ങൾ | - | 50,000 രൂപ |
| 21—മോട്ടോർ വാഹനങ്ങൾ | | |
| 2—സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,00,000 രൂപ |
| 34—മറ്റ് ചെലവുകൾ 4 - മറ്റിനങ്ങൾ | - | 3,00,000 രൂപ |
| 45—പി.ഒ.എൽ. | - | 2,00,000 രൂപ |

(ഖണ്ഡിക 107)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം 34-03- മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ അഡീഷണൽ ഫണ്ടായി 5,04,000 രൂപയും 2,50,000 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 45-പി.ഒ.എൽ. ശീർഷകത്തിൽ 1,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റ് ശീർഷകങ്ങളിൽ തുക ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നീ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2070-00-108-96 എന്ന ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ 2070-00-108-96-03-59-ശീർഷകത്തിൽ 15,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018 ൽ സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും വാങ്ങുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2070-00-108-94 എന്ന ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2011-12 സാമ്പത്തിക വർഷം 2070-00-108-92 എന്ന ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,503 രൂപ ചെലവാക്കിയതായും 2012-13 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2,63,67,000 രൂപ ഭരണപരമായ കാലതാമസംമൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് 2,63,67,000 രൂപ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

<u>സ്വീകരിച്ച നടപടി</u>

2009-2012 കാലഘട്ടങ്ങളിൽ വിവിധ തവണകളായി ആകെ 3,32,50,000 രൂപ (including Central and State Fund) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്

അനുവദിച്ചിരുന്നു. ആയതിൽ 66,56,179 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന 2,65,93,821 രൂപ വകുപ്പിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷം ടി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും, അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും 2070-00-108-91 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ തുക ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

2015-16 വർഷത്തിൽ 9 കോടി 24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് 2070-00-108-90 എന്ന ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഹോംഗാർഡുമാരുടെ ഇപ്പോഴത്തെ ദിവസവേതനം 600 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ സാമ്പത്തിക വർഷം 2070-00-107-99 എന്ന ശീർഷകത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അഡീഷണൽ ഫണ്ടായി 20 കോടി രൂപയും 9,97,26,000 രൂപയും ഉൾപ്പെടെ 29,97,26,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യ., തീയതി 19-6-2018)

(കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2220-60-101-97-01 എന്ന ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 10 കോടി രൂപ കൂടി അധികമായി ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിലേക്കയച്ച ഫയലിൽ 'ഗ്രാന്റിനുള്ളിൽ മിച്ചം കണ്ടെത്തിയ ശേഷം പ്രസ്തുത ചെലവ് നേരിടുന്നതിനാവശ്യമായ ധനപുനർവിനിയോഗ ശിപാർശ ലഭ്യമാക്കുവാൻ' ധനവകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള ഫണ്ട് അപര്യാപ്തമായതിനാൽ ധന പുനർവിനിയോഗം വഴി ഫണ്ട് ലഭ്യമാക്കുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ബി2/12/2017/ഐ.പി.ആർ., തീയതി 1-6-2018)

ശിപാർശ

പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന്

സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 1 വാഹനത്തിനും പകരമായി പുതിയവ വാങ്ങുന്നതിന് 2220-01-001-98-21-1, 2220-01-001-99-21-1 എന്നീ ശീർഷകങ്ങളിലായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികാവസ്ഥ പരിഗണിച്ച് തൽക്കാലം ഇപ്പോഴത്തെ സ്ഥിതി തുടരുവാനും സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് ശിപാർശ പരിഗണിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/12/2017/ഐ.പി.ആർ., തീയതി 1-6-2018)

<u>ശിപാർശ</u>

ടെക്നോപാർക്കിന്റെ സ്ഥലമെടുപ്പിനും വികസനത്തിനും വേണ്ടി 4859-02-04-95 എന്ന ശീർഷകത്തിൽ 13,59,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

<u>സ്വീകരിച്ച നടപടി</u>

ടെക്നോപാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പാക്കലിനായി 53 കോടി രൂപ 2017-18-ലെ അവസാന എസ്.ഡി.ജി.-യിൽ അനുവദിച്ചിട്ടുള്ളതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വി.സ.വ., തീയതി 12-6-2018)

<u>ശിപാർശ</u>

2017-18 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യഘട്ട സ്പിൽ ഓവർ വർക്കുകളും രണ്ടാംഘട്ട (ഫേസ് II) വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനായി 4859-02-004-96 എന്ന ശീർഷകത്തിൽ 5,37,86,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സ്വീകരിച്ച നടപടി

സൈബർ പാർക്കിന്റെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ അപ്പർ ബേയ്സ്മെന്റ്, ഐ.ടി സ്പേയ്സ് നിർമ്മാണം എന്നിവ 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ടി തുക ആവശ്യമില്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സൈബർ പാർക്ക് അറിയിച്ചിരിക്കുന്നു.

(സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വി.സ.വ., തീയതി 12-6-2018)

ശിപാർശ

ഇൻഫോപാർക്ക് രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്ത നടപടികളുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പുകൾക്കായി 4859-02-004-94 എന്ന ശീർഷകത്തിൽ 51,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 4859-02-004-94 (01) എന്ന ശീർഷകത്തിൽ നിന്നും 10,76,32,958 രൂപ ലഭ്യമാക്കിയിരുന്നു. ആയതിനാൽ 4859-02-004-94(03) എന്ന ശീർഷകത്തിൽ നിന്ന് 10 കോടി രൂപ കൂടി 4859-02-004-94 (01) എന്ന ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വി.സ.വ., തീയതി 12-6-2018)

ശിപാർശ

രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കുന്നതിനായി 4859-02-190-93 എന്ന ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 4859-02-190-93 എന്ന ശീർഷകത്തിൽ നിന്നും 4650 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഐ.ഐ.ഐ.ടി.എം.കെ. 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയ്ക്ക് ടി തുക പര്യാപ്തമായി വന്നതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വി.സ.വ., തീയതി 12-6-2018)

ശിപാർശ

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി 5 ലക്ഷം രൂപയും കെൽട്രോണിന് നൽകേണ്ട തുകയും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ 3053-02-190-99 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 157/ഡി2/2017/ഗതാ., തീയതി 15-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 54,62,78,000 രൂപ 5053-02-190-97 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സ്വീകരിച്ച നടപടി

കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്ത തുകയിൽ 50.9116 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 157/ഡി2/2017/ഗതാ., തീയതി 15-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരത്തുക നൽകുന്നതിനും കുടിയൊഴിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള പുനരധിവാസ പാക്കേജ് അടക്കമുള്ള പ്രവർത്തനങ്ങൾക്കുമായി 275 കോടി രൂപ 5053-02-190-93 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിവിധങ്ങളായ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു പഠനം നടത്തുകയും ആയതിലേക്ക് ആവശ്യമായ പുതുക്കിയ ശിപാർശ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 157/ഡി2/2017/ഗതാ., തീയതി 15-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18.53 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിനും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ. കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 203 കോടി രൂപ 7053-02-190-99 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സ്വീകരിച്ച നടപടി</u>

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകളിൽ കോടതി വിധി പ്രകാരമുള്ള അധിക തുക ഇനത്തിൽ 2,13,12,655 രൂപയും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠനം നടത്തുന്നതിലേക്കായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2,18,12,655 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 157/ഡി2/2017/ഗതാ., തീയതി 15-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കേരളത്തിൽ മാത്രമാണ് ജഡ്ജിമാർ വാടകവീടുകളിൽ കഴിയുന്നതെന്നും അത് തെറ്റായ സ്വാധീനത്തിന് വഴിവെക്കുമെന്ന ആക്ഷേപത്തിനിടയാക്കുമെന്നും സമിതി

നിരീക്ഷിച്ചു. ജഡ്ജിമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള ആദ്യപടിയായി സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാനും, തുടർ വർഷങ്ങളിൽ കെട്ടിടനിർമ്മാണത്തിനുള്ള തുക വകയിരുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

(പൊതു ശിപാർശ 1)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ കീഴ്ക്കോടതിയിലെ ജഡ്ജിമാർക്ക് വളരെയധികം സ്ഥലങ്ങളിൽ ക്വാർട്ടേഴ്സുകൾ ലഭ്യമല്ല. ഭൂരിഭാഗം പേരും വാടക കെട്ടിടങ്ങളിലാണ് താമസിച്ചുവരുന്നത്. ജുഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ പ്രത്യേക കോടതി കെട്ടിടങ്ങളും താമസ സൗകര്യവും നിർബന്ധമായും വേണ്ടതാണ്. അനുയോജ്യമായ സ്ഥലത്തിന്റെ അപര്യാപ്തതയാണ് ഇക്കാര്യത്തിൽ നേരിടുന്ന പ്രധാന പ്രശ്നം. സ്ഥലം കണ്ടുപിടിക്കുന്നതിനും ഏറ്റെടുക്കുന്നതിനുമായി ജില്ലാ കളക്ടറും ജില്ലാ ജഡ്ജിയുമുൾപ്പെടുന്ന ഒരു പ്രത്യേക സംഘത്തെ എല്ലാ ജില്ലകളിലും ചുമതലപ്പെടുത്തണമെന്ന് ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

ബഹു. സുപ്രീംകോടതി വിധി പ്രകാരം രൂപീകരിക്കപ്പെട്ട മോണിറ്ററിങ് കമ്മിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഇത് കൂടാതെ കീഴ്ക്കോടതി കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഹൈക്കോടതി ഓഫീസ് തലത്തിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട ക്വാർട്ടേഴ്സ് നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സ്ഥലം കണ്ടുപിടിച്ച്, എത്രയും വേഗം ലഭ്യമാക്കാനും സ്ഥലം ലഭ്യമായ പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നിർമ്മാണത്തിനാവശ്യമായ രൂപരേഖയും എസ്റ്റിമേറ്റും സമർപ്പിക്കാനുമുള്ള സത്വര നടപടികളെടുക്കണമെന്ന് എല്ലാ ജില്ലാ ജഡ്ജിമാരോടും ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യ., തീയതി 19-7-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ നിലവിൽ ജഡ്ജിയില്ലെന്നും ആയതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നും വിലയിരുത്തിയ സമിതി, ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.

(പൊതു ശിപാർശ 2)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ പൊതുശിപാർശയുടെ അടിസ്ഥാനത്തിൽ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന വിഷയം പരിശോധിക്കുകയും ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യ., തീയതി 19-7-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

3. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

കഴിഞ്ഞ സാമ്പത്തിക വർഷത്തെ കടിശ്ശികയായ 1,39,000 രൂപ ഈ വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടിവന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 3451-00-092-95-34-3 എന്ന ശീർഷകത്തിൽ 1,40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ കടിശ്ശികയായ 1,39,000 രൂപ 2016-17 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടി വന്നതിനാൽ നിലവിലെ ബജറ്റ് വിഹിതമായ 6 ലക്ഷം രൂപ പര്യാപ്തമാകാത്തതിനാൽ 3451-00-092-95-34-3 ശീർഷകത്തിൽ 1,40,000 രൂപ അധികമായി അനുവദിക്കണമെന്നായിരുന്നു സമിതിയുടെ ശിപാർശ. 3451-00-092-95-34 ശീർഷകത്തിൽ അനുവദിക്കുന്ന തുക 'A Review of Public Enterprises in Kerala' എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനാണ് വിനിയോഗിച്ച് വരുന്നത്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി 6 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. 2015-16 സാമ്പത്തിക വർഷം, Review of Public Enterprises in Kerala 2014-15 അച്ചടിച്ച വകയിൽ കടിശ്ശികയായ 1,39,000 രൂപ 2016-17 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടി വന്നതിനാൽ 2016-17 വർഷം പുസ്തകം (Review of Public Enterprises in Kerala 2016-17) പ്രസിദ്ധീകരിക്കുന്നതിന്, അനുവദിച്ചപ്പെട്ട ബജറ്റ് വിഹിതം പര്യാപ്തമായിരുന്നില്ല. (2015-16 സാമ്പത്തികവർഷം 1,39,000 രൂപ

"3451-00-092-95-34-3-OC-BPE" ശീർഷകത്തിൽ നിന്നും CB No.2/15-16 ആയി അനുവദിച്ച് നൽകിയിരുന്നുവെങ്കിലും ട്രഷറിയിൽ നിന്നും ടി ബിൽ പാസ്സാകാതെ നിരസിച്ചതിനാൽ ടി ശീർഷകത്തിൽ മേൽ സാമ്പത്തിക വർഷത്തിൽ ശേഷിച്ച 2 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുള്ളതാണ്. )

A Review of Public Enterprises in Kerala 2016-17-ന്റെ compilation ചെലവുകൾക്കായി 5,45,160 രൂപയാണ് CMD-ക്ക് 2017-18-ൽ നൽകേണ്ടിയിരുന്നത്. അതിൽ 4,08,870 രൂപ അഡ്വാൻസ് തുകയായി അനുവദിച്ച് നൽകിയിരുന്നു. 1,36,290 രൂപ ബാക്കി നൽകുവാനുണ്ടായിരുന്നു. 2017-18 സാമ്പത്തികവർഷവും 6 ലക്ഷം രൂപയാണ് നോൺ പ്ലാൻ ഹെഡിൽ അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും 2016-17 വർഷം പുസ്തകം അച്ചടിച്ച വകയിൽ കുടിശ്ശികയായ 1,49,525 രൂപയും 2017-18 വർഷം അഡ്വാൻസ് തുകയായി CMD-ക്ക് നൽകിയ 4,08,870 രൂപയും ചെലവായിട്ടുണ്ട്. (1,49,525+4,08,870 =5,58,395). 2017-18 വർഷം CMD-ക്ക് നൽകുവാനുണ്ടായിരുന്ന ബാലൻസ് തുകയായ 1,36,290 രൂപ നൽകുവാൻ ബഡ്ജറ്റിൽ അവശേഷിക്കുന്ന തുക (41,605) മതിയാകാതെ വന്ന സാഹചര്യത്തിൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ ധനകാര്യവകുപ്പിന് അക്കൗണ്ട്സ് (എ) വകുപ്പിൽ നിന്ന് അയയ്ക്കുകയും Finance(Budget Wing-A)വകുപ്പിന്റെ G.O.(Rt.) No.2705/2018/Fin dated 27-3-2018 പ്രകാരം 95,000 രൂപ additional authorisation അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.പി.ഇ 3/27/2016/പി.എൽ.ജി., തീയതി 7-5-2018)

(കാലതാമസപത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി 1518 പരിശീലന പരിപാടികളിലായി 7590 പരിശീലന ദിനങ്ങൾ കൂടുതൽ ഉള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 1685 ലക്ഷം രൂപ 3451-00-101-69 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ഐ.എം.ജി.-ക്ക് സംസ്ഥാന പരിശീലന നയം - പരിശീലന പരിപാടികൾക്കായി 3451-00-101-69 എന്ന ശീർഷകത്തിൽ 12 കോടി രൂപ വിഹിതം അനുവദിച്ചിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ 1685 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ഖണ്ഡിക 18 പ്രകാരം സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 9-2-2017-ലെ സ.ഉ.(സാധാ.) നമ്പർ 1033/17/ധനം ഉത്തരവിൻ പ്രകാരം ടി ശീർഷകത്തിൽ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി പ്രകാരമുള്ള ട്രെയിനിംഗ്

പ്രോഗ്രാമുകൾക്കായി അഡീഷണൽ ഓതറൈസേഷനായി 5 കോടി രൂപ കൂടി അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 17 കോടി രൂപ 2016-17 വർഷത്തിൽ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്).

(സർക്കാർ കത്ത് നമ്പർ പി.എസ് 691/2017/ഉ.ഭ.പ.വ., തീയതി 14-11-2017)

(കാലതാമസ പത്രിക 23-8-2017-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഹൈക്കോടതി ജഡ്ജിമാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2014-00-102-98 എന്ന ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ച 5.5 ലക്ഷം രൂപയുൾപ്പെടെ 45,49,836 രൂപ വിനിയോഗിച്ചു. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യ., തീയതി 22-6-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഹൈക്കോടതിയുടെ ആവശ്യത്തിനായി 280 കമ്പ്യൂട്ടറുകളും 100 പ്രിന്ററുകളും അടിയന്തരമായി വാങ്ങുന്നതിലേക്കായി 2014-00-102-97 എന്ന ശീർഷകത്തിൽ 70,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം റീ-അപ്രോപ്രിയേഷൻവഴി ലഭിച്ച 67,23,000 രൂപ ഉൾപ്പെടെ ഉപയോഗിച്ച് 280 കമ്പ്യൂട്ടറുകളും 100 പ്രിന്ററുകളും വാങ്ങി.

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യ., തീയതി 22-6-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2014-00-117-99 എന്ന ശീർഷകത്തിലെ 01-4-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നയിനത്തിൽ 5 ലക്ഷം രൂപയും 06-വാടക, കരം, നികതി എന്നയിനത്തിൽ 69,10,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ 01-4-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നയിനത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ച 10,16,723 രൂപയുൾപ്പെടെ 17,50,723 രൂപ വിനിയോഗിച്ചു. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 10 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. 06-വാടക, കരം, നികതി എന്നയിനത്തിൽ അവസാന ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം ലഭിച്ച 61,51,000 രൂപയും അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ച 9,73,883 രൂപയും ഉൾപ്പെടെ 91,74,883 രൂപ വിനിയോഗിച്ചു. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യ., തീയതി 22-6-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കീഴ്ക്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും നിലവിലുള്ള ലാപ്ടോപ്പുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ പുതുക്കുന്നതിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ 2014-00-105-99-99 എന്ന ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ച 20 ലക്ഷം രൂപയും റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ച 43 ലക്ഷം രൂപയും ഉപയോഗിച്ച് ജുഡീഷ്യൽ ഓഫീസർമാർക്ക് 100 ലാപ്ടോപ്പുകളും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികളും വാങ്ങി. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യ., തീയതി 22-6-2018)

(കാലതാമസപത്രിക 5-12.2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

മജിസ്ട്രേറ്റ് കോടതികളിൽ രാത്രി കാവലിനായി നിയമിക്കുന്ന സുരക്ഷാ ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2014-00-108-99-02 എന്ന ശീർഷകത്തിൽ 3,91,12,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ഈ ശീർഷകത്തിൻ കീഴിൽ അധികം ചെലവായ 2,59,57,000 രൂപ റഗുലറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 2,94,29,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യ., തീയതി 22-6-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

സംസ്ഥാനത്ത് നിലവിലുള്ള 8 ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനത്തിനും നടപ്പ് സാമ്പത്തിക വർഷത്തിൽ 30 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, 2014-00-800-88-04 മറ്റിനങ്ങൾ എന്നയിനത്തിൽ 165 ലക്ഷം രൂപയും 2014-00-800-88-18 എന്ന ശീർഷകം ഉൾക്കൊള്ളിച്ചുകൊണ്ട് 300 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം 30 ഗ്രാമന്യായാലയങ്ങൾക്ക് 05-04-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ അവസാനിച്ച ബാച്ച് ഉപധനാഭ്യർത്ഥന വഴി ലഭിച്ച 44 ലക്ഷം രൂപയും റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ച 18.02 ലക്ഷം രൂപയും ഉൾപ്പെടെ 62,21,185 രൂപ വിനിയോഗിച്ചു. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 18-സംരക്ഷണം എന്ന ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ച തുക ഉപയോഗിച്ച് 11,24,272 രൂപയ്ക്ക് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തി. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

തിരുവനന്തപുരത്തും എറണാകുളത്തും തുടങ്ങിയ സി.ബി.ഐ. കോടതികൾക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 2014-00-800-87 എന്ന ശീർഷകത്തിൽ 6,54,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി സി.ബി.ഐ. കോടതികൾക്കായി 5,40,000 രൂപയ്ക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സമാഗ്രികളും വാങ്ങി.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

നിലവിൽ 175 ജുഡീഷ്യൽ ഓഫീസർമാർ വാടകവീടുകളിൽ താമസിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ജുഡീഷ്യൽ ഓഫീസർമാരുടെ വാടകവീടുകളുടെ മാസവാടകയും കുടിശ്ശികയും നൽകുന്നതിനായി 2014-00-800-93-06 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ഭേദഗതി പത്രിക, ഉപധനാഭ്യർത്ഥന, റീ-അപ്രോപ്രിയേഷൻ എന്നിവ വഴി ലഭിച്ച തുകയുൾപ്പെടെ 2,95,70,000 രൂപ ലഭിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഇ-കോടതി പദ്ധതിയുടെ ഭാഗമായി 38 കീഴ്കോടതി സമുച്ചയങ്ങളിൽ ബ്രോഡ്ബാൻഡ് നൽകുന്നതിനും IHRD യിൽ നിന്നും സാങ്കേതിക മനുഷ്യാദ്ധ്വാനം ലഭ്യമാക്കുന്നതിനുമായി 2014-00-800-85 എന്ന ശീർഷകത്തിൽ 1,08,39,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ഐ.എച്ച്.ആർ.ഡി.-യിൽ നിന്നും സാങ്കേതിക മനുഷ്യാദ്ധ്വാനം ലഭ്യമാക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി ലഭിച്ച തുകയുൾപ്പെടെ 79,82,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

മാനന്തവാടി, കൊട്ടാരക്കര കോടതികളിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പേഴ്സിനുള്ള വേതനം നൽകുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-00-103-98-02-വേതനം എന്നയിനത്തിൽ 60,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം 2014-00-103-98-02-വേതനം എന്ന ശീർഷകത്തിൽ തുക അനുവദിച്ചിരുന്നില്ല. 2017-18 സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പുതിയതായി ആരംഭിച്ച തളിപ്പറമ്പ് കോടതിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-00-105-98-21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നയിനത്തിൽ 7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നില്ല. തളിപ്പറമ്പ് കോടതിക്ക് വാഹനം വാങ്ങുന്നതിന് ഭരണാനുമതിയ്ക്കായുള്ള അപേക്ഷ സർക്കാരിനു മുമ്പിൽ തീർപ്പാക്കാനിരിക്കുകയാണ്. 2017-18 സാമ്പത്തിക വർഷം ടോക്കണായി 1,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 20,31,36,000 രൂപ 2014-00-800-82 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല. 2017-18 സാമ്പത്തിക വർഷവും ഈ ശീർഷകത്തിൽ ടോക്കണായി 1,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകത്തിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | |
|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്കുവേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | - 2,63,00,000 രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനു വേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | - 15,63,00,000 രൂപ |
| രേഖകളുടെ സ്കാനിംഗും ഡിജിറ്റൈസേഷനും | - 4,00,00,000 രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും | - 1,17,00,000 രൂപ |

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ആവശ്യങ്ങൾക്കായി തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യ., തീയതി 22-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

പുതുതായി നിർമ്മിച്ച ബാർട്ടൺ ഹില്ലിലെ ഐ.എം.ജി. എക്സിക്യൂട്ടീവ് ഹോസ്റ്റൽ, ഐ.എം.ജി. കൊച്ചിയുടെ ഹോസ്റ്റൽ ബിൽഡിംഗ് നവീകരണം, കമ്പ്യൂട്ടർ ലാബുകളുടെ നവീകരണം, ട്രെയിനിങ് പ്രവർത്തനങ്ങൾക്കായി പുതിയ സജ്ജീകരണങ്ങൾ, അന്ധരും ബധിരരുമായ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം, ബെസ്റ്റ് പ്രാക്ടീസസിന്റെ രേഖീകരണം തുടങ്ങിയ ആവശ്യങ്ങൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് 2070-00-009-97 (35&36) എന്ന ശീർഷകത്തിൽ 671 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സ്വീകരിച്ച നടപടി</u>

2070-00-003-97 (35&36) - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ 680 ലക്ഷം രൂപയാണ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ വിവിധ ആവശ്യങ്ങൾക്കായി 671 ലക്ഷം രൂപ അധികമായി അനുവദിക്കുവാൻ ഖണ്ഡിക 92 പ്രകാരം സമിതി ശിപാർശ ചെയ്തിരിക്കുന്നു. (ബജറ്റ് വിഹിതം 2016-17-ൽ 3 ഗഡുക്കളായി റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.)

ഇപ്രകാരം സമിതി അനുവദിച്ച അധിക തുകയെ സംബന്ധിക്കുന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി നൽകിയപ്പോൾ സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ ശമ്പള/ ശമ്പളേതര ഇനത്തിൽ അധികതുക അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്നും നിലവിലുള്ള ബജറ്റ് വിഹിതത്തിൽ ചെലവ് പരിമിതപ്പെടുത്തണമെന്നും 27-3-2017-ലെ File No. PU-C4/27/2017-ധനം പ്രകാരം ടി വകുപ്പ് നിരസിച്ചിരുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്.

(സർക്കാർ കത്ത് നമ്പർ പി.എസ് 691/2017/ഉ.ഭ.പ.വ., തീയതി 14-11-2017)

(കാലതാമസ പത്രിക 23-8-2017-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, വെൽഫെയർ ഫണ്ട് സ്വരൂപിക്കൽ, പെൻഷൻ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2070-00-003-97-31 എന്ന ശീർഷകത്തിൽ 9,12,59,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

2070-00-003-97-31- സഹായധനം ശമ്പളം എന്ന നോൺ പ്ലാൻ ശീർഷകത്തിൽ നിലവിലുള്ള ബജറ്റ് വിഹിതമായ 6,28,77,000 രൂപ അപര്യാപ്തമായതിനാൽ 9,12,59,000 രൂപ അധികമായി അനുവദിക്കുവാൻ ഖണ്ഡിക 93 പ്രകാരം സമിതി ശിപാർശ ചെയ്തിരുന്നു. (ബജറ്റ് വിഹിതം 2016-17-ൽ 3 ഗഡുക്കളായി റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.)

ഇപ്രകാരം സമിതി അനുവദിച്ച അധിക തുകയെ സംബന്ധിക്കുന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി നൽകിയപ്പോൾ സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ ശമ്പള/ശമ്പളേതര ഇനത്തിൽ അധികതുക അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്നും നിലവിലുള്ള ബജറ്റ് വിഹിതത്തിൽ ചെലവ് പരിമിതപ്പെടുത്തണമെന്നും 27-3-2017-ലെ File No. PU-C4/27/2017-ധനം പ്രകാരം ടി വകുപ്പ് നിരസിച്ചിരുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്.

(സർക്കാർ കത്ത് നമ്പർ പി.എസ്. 691/2017/ഉ.ഭ.പ.വ., തീയതി 14-11-2017)

(കാലതാമസ പത്രിക 23-8-2017-ന് സഭയിൽ സമർപ്പിച്ചു.)

4. 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

നടപ്പ് സാമ്പത്തികവർഷത്തിൽ വിവരാവകാശ കമ്മീഷന് ടെലിഫോൺ ചെലവ്, മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2052-00-092-88 എന്ന ശീർഷകത്തിൻ കീഴിലുള്ള 05-03-ടെലിഫോൺ ചെലവ് എന്ന ഇനത്തിലും 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലും 2,00,000 രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

വിവരാവകാശ കമ്മീഷണർമാരുടെ ഒഴിവുകൾ നികത്തിയിട്ടില്ലാത്തതിനാലും, 2015-16 സാമ്പത്തിക വർഷത്തിൽ കമ്മീഷന്റെ ടെലിഫോൺ ചാർജ്ജ് ഇനത്തിലും, മറ്റ് ആവശ്യങ്ങൾക്കായി ചെലവായ തുക ബജറ്റ് വിഹിതത്തിനുള്ളിൽ നിന്നതിനാലും കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഡിഡിഎൻ5/47/18/പൊ.ഭ.വ., തീയതി 21-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ഗതാഗതയോഗ്യമായ വാഹനങ്ങൾ അത്യന്താപേക്ഷിതമായതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി ആവശ്യപ്പെട്ട 40,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടതിന്റെ ഫലമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്റെ ആവശ്യം ഇല്ലാതിരുന്നതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഡിഡിഎൻ5/47/18/പൊ.ഭ.വ., തീയതി 21-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ഹൈക്കോടതി ജഡ്ജിമാർക്കുവേണ്ടി കാലപ്പഴക്കംചെന്ന മോട്ടോർ വാഹനങ്ങൾ (11 എണ്ണം) മാറ്റി വാങ്ങുന്നതിനായി 2014-00-102-99-21-1 എന്ന ശീർഷകത്തിൽ 1,75,99,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2015-16 വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന മുഖേന അധിക വിഹിതമായി 1,59,99,000 രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് ഹൈക്കോടതി ജഡ്ജിമാർക്കുവേണ്ടി 11 ടൊയോട്ട കൊറോള ആൾട്ടിസ് കാറുകൾ വാങ്ങി.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2014-00-105-95 എന്ന ശീർഷകത്തിലെ 02-വേതനം എന്നയിനത്തിൽ 3,00,000 രൂപയും 05.3-ടെലിഫോൺ ചാർജ്ജ് എന്നയിനത്തിൽ 1,00,000 രൂപയും

21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 1,00,000 രൂപയും 45-പി.ഒ.എൽ. എന്നയിനത്തിൽ 3,00,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

വേതനയിനത്തിൽ 3,00,000 രൂപയിൽ 2,99,730 രൂപ വിനിയോഗിക്കുകയും ബാക്കി തുക 270 രൂപ ടി ഹെഡ്ഡിൽ സറണ്ടർ ചെയ്തിട്ടുണ്ട്.

ടെലിഫോൺ ചാർജ്ജിനത്തിൽ 1,00,000 രൂപയിൽ 35,177 രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി തുക 64,823 സറണ്ടർ ചെയ്തിട്ടുണ്ട്.

45 പി.ഒ.എൽ എന്നയിനത്തിൽ 1,00,000 രൂപ വിനിയോഗിച്ചില്ല. പ്രസ്തുത തുകയും സറണ്ടർ ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പുകളും പ്രിന്ററുകളും വാങ്ങുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കുമായി ബജറ്റിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2014-00-105-99-99 എന്ന ശീർഷകത്തിൽ 2,74,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിൽ 31,00,000 രൂപ റീഅപ്രോപ്രിയേഷൻ വഴി ലഭിക്കുകയും ജുഡീഷ്യൽ ആഫീസർമാർക്കായി 455 പ്രിന്ററുകൾ വാങ്ങുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷം ജുഡീഷ്യൽ ആഫീസർമാർക്ക് 100 ലാപ്ടോപ്പുകൾ വാങ്ങി. അവശേഷിക്കുന്ന 355 ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി 24-7-2017-ലെ സ.ഉ.(കൈ) നമ്പർ 1908/2017/ആഭ്യന്തരം, 30-11-2017-ലെ സ.ഉ. (കൈ) നമ്പർ 3207/2017/ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

കല്പറ്റ കോടതിയിൽ പഴയ കാർ മാറ്റിവാങ്ങുന്നതിനും ആലപ്പുഴ, മഞ്ചേരി കോടതികളിൽ കണ്ടംചെയ്ത വാഹനത്തിനുപകരം പുതിയ വാഹനം വാങ്ങുന്നതിനുമായി 2014-00-108-99-21-1 എന്ന ശീർഷകത്തിൽ 20,99,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല. 28-3-2018-ലെ സ.ഉ.(സാധാ.) നമ്പർ 889/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം മഞ്ചേരി, ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചു. ടി വാഹനങ്ങൾ 2018-19 സാമ്പത്തിക വർഷം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കല്പറ്റ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വാഹനം വാങ്ങുന്നതിന് ഭരണാനുമതിയ്ക്കായുള്ള അപേക്ഷ ഹൈക്കോടതി സർക്കാരിനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ആറ്റിങ്ങൽ, ചവറ, ഇരിങ്ങാലക്കുട, ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന എന്നീ കുടുംബകോടതികളിൽ പുതിയ വാഹനം വാങ്ങുന്നതിനും എറണാകുളം കുടുംബകോടതിയിലെ കണ്ടംചെയ്ത വാഹനത്തിനു പകരം പുതിയ വാഹനം വാങ്ങുന്നതിനുമായി 2014-00-117-99-21-1 എന്ന ശീർഷകത്തിൽ 69,99,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം ആറ്റിങ്ങൽ, ചവറ കുടുംബ കോടതികൾക്ക് റീഅപ്രോപ്രിയേഷൻ വഴി ലഭിച്ച തുക ഉപയോഗിച്ച് 12,25,243 രൂപയ്ക്ക് പുതിയ വാഹനങ്ങൾ വാങ്ങി. ശേഷിക്കുന്നവയ്ക്കായുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ബാക്ക് ലോഗ് ഡാറ്റാ എൻട്രിക്ക് വേണ്ടിയുള്ള ഫണ്ട്, ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തനമാക്കുന്നതിനും മനുഷ്യവിഭവശേഷി നൽകിയതിനുമുള്ള ചെലവുകൾക്കായി 2014-00-800-85 എന്ന ശീർഷകത്തിൽ 1,90,19,000 രൂപ അനുവദിക്കണമെന്ന് സമതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യങ്ങൾക്കായി റീഅപ്രോപ്രിയേഷൻ വഴി ലഭിച്ച തുകയുൾപ്പെടെ 58,53,000 രൂപ വിനിയോഗിച്ചു. 2016-17 സാമ്പത്തിക വർഷം ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും മനുഷ്യവിഭവശേഷി നൽകിയതിനുമുള്ള ചെലവുകൾക്കുമായി ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുകയുൾപ്പെടെ 79,82,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം റീഅപ്രോപ്രിയേഷൻ വഴി ലഭിച്ച 37,68,000 രൂപയുൾപ്പെടെ 87,03,000 രൂപ വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

450-ഓളം സബോർഡിനേറ്റ് കോടതികളുടെ സുഗമമായ പ്രവർത്തനത്തിനായി കമ്പ്യൂട്ടർ വാങ്ങുന്നതിലേക്ക് 3,23,54,000 രൂപ 2014-00-800-87 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം റീഅപ്രോപ്രിയേഷൻ വഴി ലഭിച്ച തുകയുൾപ്പെടെ 23,00,000 രൂപയ്ക്ക് 15 കോടതികൾക്കായി 45 ഡെസ്ക് ടോപ്പുകളും 45 ഡോട്ട്മാട്രിക്സ് പ്രിന്ററുകളും 15 ലേസർ പ്രിന്ററുകളും 45 യു.പി.എസുകളും വാങ്ങി. 2016-17 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി സി.ബി.ഐ. കോടതികൾക്കായി 10 കമ്പ്യൂട്ടറുകൾ, 10ഡോട്ട് മാട്രിക്സ് പ്രിന്ററുകൾ, 2 ലേസർ പ്രിന്ററുകൾ, 10 യു.പി.എസുകൾ എന്നിവ 5,40,000 രൂപയ്ക്ക് വാങ്ങി. 2017-18 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 45.15 ലക്ഷം രൂപയ്ക്ക് കീഴ് കോടതികളിൽ 117 കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

200-ൽ അധികം ജുഡീഷ്യൽ ഓഫീസർമാർ വാടകവീടുകളിലാണ് താമസിക്കുന്നത്. ഈ സാഹചര്യത്തിൽ 2014-00-800-93-06 എന്ന ശീർഷകത്തിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 64,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിനായി റീഅപ്രോപ്രിയേഷൻ വഴി അധികമായി ലഭിച്ച 93,14,000 രൂപ വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തതമൂലം തടവുകാരുടെ ആഹാരത്തിനുള്ള ചെലവുവഹിക്കുന്ന 56-ഭക്ഷണവും ധനസഹായവും എന്ന ഇനത്തിലും 05-1-വെള്ളക്കരം എന്നയിനത്തിലും ഏകദേശം 4 കോടി രൂപയുടെ ബില്ലുകൾ തീർപ്പാക്കാനുള്ളതായി സമിതി മനസ്സിലാക്കുന്നു. തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാരസാധനങ്ങളുടെയും മറ്റ് ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ്, കൂടാതെ പ്രിസൺസ് റൂൾസ് പരിഷ്കരിച്ചതു പ്രകാരം ആഹാരസാധനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചതിലുള്ള അധിക ചെലവ്, തടവുകാരുടെ വേതനം, ബാറ്റ, മരുന്ന്, ചികിത്സാച്ചെലവുകൾ, വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നിവയും പരിഗണിക്കുമ്പോൾ ബജറ്റിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. 2056-00-101-99 എന്ന ശീർഷകത്തിൽ 8,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം ധനാഭ്യർത്ഥന XIII പ്രകാരം 2056-00-101-99 ജയിലുകൾ എന്ന ശീർഷകത്തിൽ 101,44,16,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. "2056-00-101-99-ജയിലുകൾ-56 ഭക്ഷണവും ധനസഹായവും എന്ന ശീർഷകത്തിലും 05-1-വെള്ളക്കരം" എന്ന ഇനത്തിലും വകയിരുത്തിയിരുന്ന തുക

അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ടി ശീർഷകത്തിൽ 8,00,00,000 രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ "56-ഭക്ഷണവും ധനസഹായവും" എന്ന ശീർഷകത്തിന് അധിക തുക അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും 31-11-2015 തീയതിയിലെ ജി.ഒ.(ആർടി.) നമ്പർ 10381/2015/ഫിൻ. ഉത്തരവ് പ്രകാരം 3,00,00,000 രൂപ അനുവദിക്കുകയും ചെയ്തു. 2015-16 വർഷത്തെ ഫൈനൽ ബാച്ച് എസ്.ഡി.ജി.യിൽ "2056-00-101-95-05-1" വാട്ടർ ചാർജ്ജസ് എന്ന ശീർഷകത്തിൽ 2,50,00,000 രൂപയും "56-ഭക്ഷണവും ധനസഹായവും" എന്ന ശീർഷകത്തിൽ അഡീഷണൽ ആയി 6,00,00,000 രൂപയും അനുവദിക്കുകയുണ്ടായി. (31-11-2015-ലെ ജി.ഒ. (ആർടി.) നമ്പർ 10381/2015/ഫിൻ. ഉത്തരവ് പ്രകാരം അനുവദിച്ച 3,00,00,000 രൂപ റഗുലറൈസ് ചെയ്തും അഡീഷണലായി 3,00,00,000 രൂപ അനുവദിച്ചതും ചേർത്ത് 6,00,00,000 രൂപ അനുവദിച്ചു) 2015-16 വർഷത്തെ ഫൈനൽ റീഅപ്രോപ്രിയേഷൻ, റിസംപ്ഷൻ ശിപാർശകൾ സമർപ്പിക്കുകയും ആയത് അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ ബി2/274/2017/ആഭ്യന്തരം, തീയതി 8-2-2018)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം VII

### "രാസ പരിശോധന ശാല-അനിവാര്യമായ വികസന പ്രവർത്തനങ്ങൾ" എന്ന വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം

#### ശിപാർശ

ആദ്യഘട്ടമെന്ന നിലയിൽ എറണാകുളം മേഖലാ ലബോറട്ടറിയിൽ, ലബോറട്ടറിയിലെ നിലവിലുള്ള ആധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ഡിസ്റ്റലറി ഡിവിഷൻ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിലേക്കായി ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറുടെയും, മൂന്ന് ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെയും, ഒരു ലബോറട്ടറി അസിസ്റ്റന്റിന്റെയും ഒരു ബോട്ടിൽ ക്ലീനറുടെയും തസ്തികകൾ ആവശ്യമായിട്ടുള്ളതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇതിനാവശ്യമായ തുക ബജറ്റിൽ വകകൊള്ളിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

എറണാകുളം മേഖലാ ലബോറട്ടറിയിൽ, അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ, ജൂനിയർ സയന്റിഫിക് ഓഫീസർ, ബോട്ടിൽ ക്ലീനർ എന്നീ ഓരോ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24-9-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2497/2017/ ആഭ്യന്തരം ഉത്തരവ് പ്രകാരം ഒരു ഡിസ്റ്റലറി ഡിവിഷൻ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ 4/129/2017/ആഭ്യന്തരം, തീയതി 9-7-2018)

<u>ശിപാർശ</u>

മദ്യശാലകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധനയ്ക്ക് മാത്രമായി മൂന്ന് ലബോറട്ടറികളിലും ഓരോ 'എക്സൈസ് മിസ്സലേനിയസ് ഡിവിഷൻ' ആരംഭിക്കുന്നതിനും ഓരോ ഡിവിഷനിലും ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനറുടെയും മൂന്ന് ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെയും ഓരോ ലബോറട്ടറി അസിസ്റ്റന്റ്, ബോട്ടിൽ ക്ലീനർ എന്നിവരുടെയും തസ്തികകൾ ആവശ്യമായതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കണമെന്നും ഇതിലേക്കായി ബജറ്റിൽ തുക വകകൊള്ളിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് മിസ്സലേനിയസ് ഡിവിഷൻ, എമർജൻസി ടോക്സിക്കോളജി ഡിവിഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് കെമിക്കൽ എക്സാമിനർ സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ, തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തികഭാരം ഉണ്ടാക്കുമെന്നതിനാൽ പ്രൊപ്പോസൽ മാറ്റി വയ്ക്കുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ മാറ്റിവയ്ക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/129/2017/ആഭ്യന്തരം, തീയതി 9-7-2018)

<u>ശിപാർശ</u>

രാസപരിശോധന ശാലയുടെ മൂന്ന് ലബോറട്ടറികളിലും ഓരോ എമർജൻസി ടോക്സിക്കോളജി ഡിവിഷൻ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിലേയ്ക്കായി ഓരോ ലബോറട്ടറിയിലും ജൂനിയർ സയന്റിഫിക് ഓഫീസറുടെയും, ലബോറട്ടറി അസിസ്റ്റന്റിന്റെയും ഒരോ തസ്തിക വീതം സൃഷ്ടിക്കണമെന്നും, ഇതിനാവശ്യമായ തുക ബജറ്റിൽ വകകൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് മിസ്സലേനിയസ് ഡിവിഷൻ, എമർജൻസി ടോക്സിക്കോളജി ഡിവിഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് കെമിക്കൽ എക്സാമിനർ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ഭാരം ഉണ്ടാക്കുമെന്നതിനാൽ പ്രൊപ്പോസൽ മാറ്റിവയ്ക്കുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ മാറ്റിവയ്ക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/129/17/ആഭ്യന്തരം, തീയതി 9-7-2018)

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2019 ജൂൺ 24.

അനുബന്ധം

# 7-5-2018-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2018 മാർച്ച് മാസം 7-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

(1) ശ്രീ. സി. കെ. നാണു, എം.എൽ.എ.

(2) ശ്രീ. രാജു എബ്രഹാം, എം.എൽ.എ.

(3) ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

(1) ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

(2) ശ്രീ. രാജു കെ. എ. , ഡെപ്യൂട്ടി സെക്രട്ടറി

(3) ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

(1) ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

(2) ശ്രീ. ലോക് നാഥ് ബെഹ്റ, ഡി.ജി.പി. സ്റ്റേറ്റ് പോലീസ് ചീഫ്.

(3) ശ്രീ. എ. ഹേമചന്ദ്രൻ, ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്.

(4) ശ്രീമതി ആർ. ശ്രീലേഖ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്).

(5) ഡോ. സുരേഷ് ദാസ്, (എക്സ്-ഒഫീഷ്യോ), പ്രിൻസിപ്പൽ സെക്രട്ടറി,
ശാസ്ത്ര സാങ്കേതിക വകുപ്പ്.

(6) ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

(7) ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

(8) ശ്രീ. ആർ. രാജശേഖരൻ നായർ, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

(9) ശ്രീമതി കെ. രാജശ്രീ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

(10) ശ്രീ. എ. സലിം, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

(11) ശ്രീ. എസ്. മുഹമ്മദ് ഇസ്മയിൽ കുഞ്ഞ്, ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.

(12) ശ്രീ. എൻ. ശങ്കർ റെഡ്ഡി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,

കെ.പി.എച്ച്. സി.സി.

(13) ശ്രീ. ആർ. ജയകുമാരൻ നായർ, ചീഫ് കെമിക്കൽ എക്സാമിനർ.

സർക്കാരിൽനിന്നും ലഭിച്ച കരട് ചട്ടങ്ങൾ, എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**I . കരട് ചട്ടങ്ങൾ**

**എ. നിയമ വകുപ്പ്**

1. കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ്സ് (.... ഭേദഗതി) ചട്ടം 2017 സംബന്ധിച്ച കരട് ചട്ടം.

(ഫയൽ നമ്പർ 5389/സബ്.സി.ഡി2/2017/നി.സെ.)

"ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി പ്രകാരം വസ്തു വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മപരിശോധന നടത്തുന്ന ഗവൺമെന്റ് ലാ ഓഫീസർമാർക്ക് ഫീസ് നൽകുന്നതുമായി ബന്ധപ്പെട്ട് 1978-ലെ കെ.ജി.എൽ.ഒ. റൂൾസിലെ ചട്ടം 31 A (2)-ൽ ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നതിനുള്ള കരട് വിജ്ഞാപനമാണ് സമിതിക്ക് മുൻപാകെ സമർപ്പിച്ചിട്ടുള്ളതെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

കരട് വിജ്ഞാപനത്തിന്റെ ചട്ടം '1'-ൽ short title and commencement എന്നതിൽ വർഷം "2017" എന്ന് ചേർത്തിരിക്കുന്നത് "2018" എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

2. ദി കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (ഭേദഗതി) ചട്ടം, 2018 സംബന്ധിച്ച കരട് വിജ്ഞാപനം.

(ഫയൽ നമ്പർ 5622/സബ്.സി.ഡി2/2016/നി.സെ.)

കേരള അഭിഭാഷക ക്ഷേമനിധിയിൽ അംഗമല്ലാത്ത ഒരു അഭിഭാഷകന് ഫണ്ടിലെ ഒരംഗമായി പ്രവേശനം ലഭിക്കുന്നതിന് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ചട്ടം

ഭേദഗതി ചെയ്യുന്നതിനുള്ള ഭേദഗതി കരട് വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

3. ദി കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിൻമെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ്സ് (ഭേദഗതി) ചട്ടം 2018.

(ഫയൽ നമ്പർ 2105/സബ്.സി.ഡി2/2018/നി.സെ.)

സുപ്രീംകോടതി മുമ്പാകെ സംസ്ഥാന സർക്കാരിനു വേണ്ടി കേസ്സുകൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിംഗ് കൗൺസൽമാർക്ക് നൽകി വരുന്ന നിലവിലുള്ള ഫീസ് ഘടന വർദ്ധിപ്പിക്കുന്നതിനായുള്ള 1978-ലെ കെ.ജി.എൽ.ഒ. റൂൾസിലെ ചട്ടം 41(1)(എ) യിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

## ബി. ധനകാര്യ വകുപ്പ്

4. കേരള സർവ്വീസ് റൂൾസ് ഭാഗം III ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം.

കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2017

(ഫയൽ നമ്പർ 5487/സബ്.സി.ഡി2/2017/നി.സെ.)

കേരള ജുഡീഷ്യൽ സർവ്വീസ് റൂൾസിലെ റൂൾ 9 പ്രകാരം താൽക്കാലിക മുൻസിഫ് മജിസ്ട്രേറ്റുമാരായി നിയമിതരാകുന്ന മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുടെ ക്വാളിഫൈയിംഗ് സർവ്വീസും പെൻഷൻ ആനുകൂല്യങ്ങളും കണക്കാക്കുമ്പോൾ ടി സർവ്വീസ് കാലയളവ്കൂടി പരിഗണിക്കുന്നതിനു വേണ്ടി പുറപ്പെടുവിച്ച 14-2-2016-ലെ G.O.(P)No.23/2016/Fin. ഗവൺമെന്റ് ഉത്തരവിന് നിയമ സാധുത നൽകുന്നതിനുവേണ്ടിയുള്ളതാണ് കരട് വിജ്ഞാപനമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. കരട് ചട്ടത്തിലെ short title and commencement എന്നതിലെ വർഷം "2017" എന്നത് "2018" എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ ഭേദഗതി കരട് ചട്ടം സമിതി അംഗീകരിച്ചു.

5. കേരള സർവ്വീസ് റൂൾസ് ഭാഗം I-ലെ അപ്പൻഡിക്സ്-IV ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം.

കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 1841/സബ്.സി.ഡി2/2018/നി.സെ.)

സംസ്ഥാനത്തിനുപുറത്ത് മൂന്ന് മാസത്തിൽ കൂടുതൽ കാലയളവിലേക്ക് പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ഓഫീസർമാർക്ക് പരിഷ്കരിച്ച നിരക്കിൽ കോമ്പൻസേറ്ററി അലവൻസ് നൽകുന്നതിനുവേണ്ടി കേരള സർവ്വീസ് റൂൾസ്

ഭാഗം I-ലെ അപ്പൻഡിക്സ്-IV ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

6. കേരള സർവ്വീസ് റൂൾസ് ഭാഗം III-ലെ ചട്ടം 20 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം.

കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 1840/സബ്.സി.ഡി2/2018/നി.സെ.)

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പ്രത്യേക നിയമനിർമ്മാണ പ്രകാരമോ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലിചെയ്തിട്ടുള്ള കാലയളവ് പെൻഷൻ, ഡി.സി.ആർ.ജി. എന്നീ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുള്ള യോഗ്യകാലയളവായി പരിഗണിക്കേണ്ടതില്ല എന്ന വാചകം കൂട്ടി ചേർക്കുന്നതിനുള്ള (KSR ഭാഗം III-ലെ ചട്ടം 20) കരട് വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

7. കേരള സർവ്വീസ് റൂൾസ് ഭാഗം III-ലെ ചട്ടം 67, 71 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം.

കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 1876/സബ്.സി.ഡി2/2018/നി.സെ.)

സർവ്വീസിലിരിക്കെ മരണപ്പെടുന്നവരുടെ ഡി.സി.ആർ.ജി. ആനുകൂല്യങ്ങൾ അവകാശികൾക്ക് നല്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതിയുടെ കരട് സമിതി ഭേദഗതികൂടാതെ അംഗീകരിച്ചു.

8. കേരള സർവ്വീസ് റൂൾസ് ഭാഗംI, അനുബന്ധം VII-ലെ വിഭാഗം II (പ്രത്യേക ആകസ്മിക അവധി) ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം.

കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 2031/സബ്.സി.ഡി2/2018/നി.സെ.)

താലൂക്ക്/ജില്ല/സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അംഗമായി തെരഞ്ഞെടുക്കുന്ന സർക്കാർ ജീവനക്കാർക്ക് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി അതാത് കൗൺസിൽ പ്രസിഡന്റുമാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷത്തിൽ 20 ദിവസത്തിൽ കവിയാതെ പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നതിനുവേണ്ടി കെ.എസ്.ആർ. ഭാഗം I-ൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

9. കേരള സർവ്വീസ് റൂൾസ് ഭാഗം III-ലെ ചട്ടം 90(6)(c) ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം.

കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 2126/സബ്.സി.ഡി2/2018/നി.സെ.)

റദ്ദായ വിവാഹത്തിൽ (വോയിഡ്/വോയിഡബിൾ) ജനിച്ച കുട്ടികൾക്കും അച്ഛനമ്മമാരുടെ ഫാമിലി പെൻഷനും, ഡി.സി.ആർ.ജി.യും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ നിയമം കൊണ്ടുവന്നതിന്റെ പശ്ചാത്തലത്തിൽ ആയതിനുവേണ്ടി കേരള സർവ്വീസ് റൂൾസ് ഭാഗം III-ലെ ചട്ടം 90(6)(c) എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

## സി. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

10. പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതിന് വേണ്ടി കെ.എസ്. & എസ്.എസ്. ആർ. ചട്ടങ്ങളിൽ (ഭാഗം II ചട്ടം10) ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം.

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ്, 2017

(ഫയൽ നമ്പർ 5939/സബ്.സി.ഡി2/2017/നി.സെ.)

പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതിന് കെ.എസ്. &എസ്.എസ്. ആർ.ചട്ടങ്ങളിലെ ഭാഗം II ചട്ടം10-ന്റെ ഉപചട്ടം (h)-ന് ശേഷം പുതിയ ഒരു ഉപചട്ടം ചേർക്കുന്നതിനാണ് കരട് വിജ്ഞാപനമെന്നും, ജനറൽ കാറ്റഗറിയിൽപ്പെട്ടവർക്ക് 36-ഉം, ഒ.ബി.സി. വിഭാഗക്കാർക്ക് 39-ഉം എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് 41-ഉം എന്ന നിലവിലെ വ്യവസ്ഥയോടൊപ്പം ടി ഭേദഗതി വരുന്നതോടുകൂടി വിധവകൾക്ക് ഓരോ കാറ്റഗറിക്കാർക്കുമുള്ള നിയമനങ്ങളിൽ 5 വർഷത്തെ അധിക ഇളവ് കൂടി ലഭിക്കുമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

കരട് വിജ്ഞാപനത്തിലെ short title and commencement എന്നതിൽ വർഷം "2017" എന്ന് ചേർത്തിരിക്കുന്നത് "2018" എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ ഭേദഗതി കരട് വിജ്ഞാപനം സമിതി അംഗീകരിച്ചു.

11. സർക്കാർ ജീവനക്കാരുടെ സ്വത്തു വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനായി 1960-ലെ കേരള ഗവൺമെന്റ് സർവന്റ്സ് (കോണ്ടക്ട്) ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം.

(ഫയൽ നമ്പർ 1163/സബ്.സി.ഡി2/2018/നി.സെ.)

സർക്കാർ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന ഉടൻ തന്നെ അവരുടെ സ്വത്തുവിവരങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനായുള്ള കരട് ഭേദഗതി വിജ്ഞാപനമാണ് സമിതിക്ക് സമർപ്പിച്ചിട്ടുള്ള തെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കരട് വിജ്ഞാപനത്തിന്റെ short title and commencement എന്നതിൽ വർഷം "2017" എന്ന് ചേർത്തിട്ടുള്ളത് "2018" എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ ഭേദഗതി കരട് വിജ്ഞാപനം സമിതി അംഗീകരിച്ചു.

## II. എസ്. ആർ. ഒ. സാധൂകരണം

### എ. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

1. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) ചട്ടം 2018 (എസ്. ആർ. ഒ. നമ്പർ 861/2017)

(ഫയൽ നമ്പർ 1128/സബ്.സി.ഡി2/2018/നി.സെ.)

സംസ്ഥാന സിവിൽ സർവ്വീസിലേക്ക് പ്രഗത്ഭരായ യുവജനങ്ങളെ ആകർഷിക്കാനും വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുവാനും അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) രൂപീകരിക്കുന്നതിനു വേണ്ടിയാണ് ഈ വിജ്ഞാപനം കൊണ്ടുവന്നിട്ടുള്ളതെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭരണഘടനാ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് KAS-ന്റെ സ്കീം 2 വഴിയുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിന് അവസരം നിഷേധിച്ചിരിക്കുകയാണെന്നും പി. എസ്. സി. യുടെ ഒരേ റാങ്ക് ലിസ്റ്റിൽ നിന്ന് ശിപാർശ ചെയ്യപ്പെടുന്നവരാണെങ്കിലും ഭരണഘടനാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി ശിപാർശചെയ്യപ്പെട്ടുവെന്ന കാരണത്താൽ ഇവർക്കു സ്കീം 2 വഴിയുള്ള ബൈട്രാൻസഫർ നിയമനങ്ങൾക്ക് അവസരം നിഷേധിക്കുന്നതിൽ അപാകതയില്ലേയെന്നും അത് ഒഴിവാക്കേണ്ടതല്ലേയെന്നും ഒരു സമിതി അംഗം ചൂണ്ടിക്കാട്ടി. ഭരണഘടനാ സ്ഥാപനങ്ങളെ കേരള അഡ്മിനിട്രേറ്റീവ് സർവ്വീസിന്റെ ഭാഗമാക്കുകയില്ല എന്ന് നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

കെ. എ. എസ്. നോട്ടിഫിക്കേഷൻ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് ലഭ്യമാക്കിയതിനു ശേഷം പ്രസ്തുത ചട്ടങ്ങളിൽ നിയമസഭയിൽ ചർച്ച നടത്തി പാസ്സാക്കിയ മൂന്ന് ഭേദഗതി കൂടി ഉൾപ്പെടുത്താനുണ്ടെന്നും കൂടാതെ അംഗപരിമിതരായിട്ടുള്ളവർക്ക്

റിസർവേഷൻ ക്വാട്ട അനുവദിക്കുന്നതും, വിമുക്ത ഭടൻമാർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നകാര്യവും സർക്കാരിന്റെ പരിഗണനയിലാണെന്നും അപ്രകാരമുള്ള കുറച്ച് ഭേദഗതികൾ കൂടി ചട്ടത്തിൽ ചേർക്കുവാനുണ്ടെന്നും സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിലവിൽ സമിതി മുമ്പാകെ ലഭ്യമാക്കിയിട്ടുള്ള എസ്. ആർ. ഒ. വിജ്ഞാപനം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

നിയമസഭാ പാസാക്കിയ ഭേദഗതികളും മറ്റെന്തെങ്കിലും ഭേദഗതികൾ ഉണ്ടെങ്കിൽ ആയതും കൂട്ടി ചേർത്ത് പുതിയ ഭേദഗതി വിജ്ഞാപനം അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുവാനും സമിതി തീരുമാനിച്ചു.

**ബി. ആഭ്യന്തര വകുപ്പ്**

2. മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ചട്ടങ്ങൾ 2015 (എസ്. ആർ. ഒ. നമ്പർ 768/2015)

(ഫയൽ നമ്പർ 803/സബ്.സി.ഡി2/2016/നി.സെ.)

സമിതി നിർദ്ദേശാനുസരണം മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്. ആർ. ഒ. യ്ക്ക് ഭേദഗതി കൂടാതെ സമിതി സാധൂകരണം നൽകി.

3. കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവ്വീസ് ഭേദഗതി വിശേഷാൽ ചട്ടങ്ങൾ 2017 (എസ്. ആർ. ഒ. നമ്പർ 614/2017)

(ഫയൽ നമ്പർ 5789/സബ്.സി.ഡി2/2017/നി.സെ.)

ജില്ലാ ജഡ്ജിമാരുടെ സേവന വേതന വ്യവസ്ഥകൾ അടങ്ങിയ കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവ്വീസ് റൂൾസ് 1961-ൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്. ആർ. ഒ. നമ്പർ 614/2017 ഭേദഗതി കൂടാതെ സമിതി സാധൂകരണം നൽകി.

4. ദി കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (അമെന്റ്മെന്റ്) റൂൾസ്, 2017 (എസ്. ആർ. ഒ. നമ്പർ 601/2017)

(ഫയൽ നമ്പർ 495/സബ്.സി.ഡി2/2018/നി.സെ.)

ചട്ടം 4-ന്റെ ഉപചട്ടം II-ൽ രണ്ടാമത്തെ വരിയിൽ "........... as the case may be or having been satisfied ........." എന്നതിനു പകരം ".......... as the case may be and having been satisfied ........." എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ എസ്.ആർ.ഒ.യ്ക്ക് സാധൂകരണം നൽകി.

### 1. സി. നിയമ വകുപ്പ്

5. 2016-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (രണ്ടാം ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നമ്പർ 724/2016)

(ഫയൽ നമ്പർ 5303/സബ്.സി.ഡി2/2017/നി.സെ.)

എസ്.ആർ.ഒ. 724/2016-ന് ഭേദഗതി കൂടാതെ സമിതി സാധൂകരണം നൽകി.

### ഡി. പൊതുഭരണ വകുപ്പ്

6. കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് (മിസ്സലേനിയസ് പോസ്റ്റ്സ് ഇൻ ദി സെക്രട്ടേറിയറ്റ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2017(എസ്.ആർ.ഒ. നമ്പർ 228/2017)

(ഫയൽ നമ്പർ 3038/സബ്. സി. ഡി2/2017/നി.സെ.)

കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിരുന്ന മോട്ടോർ വെഹിക്കിൾ ഓർഡർലി, ക്ലറിക്കൽ അസിസ്റ്റന്റ്, ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, അറ്റൻഡർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ നോട്ടം എന്നീ തസ്തികകൾ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയതിനാൽ ടി തസ്തികകൾ കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസസ് റൂളിൽ നിന്നും ഒഴിവാക്കുന്നതിനായി പുറപ്പെടുവിച്ച് എസ്.ആർ.ഒ. 228/2017-ന് സമിതി ഭേദഗതി കൂടാതെ സാധൂകരണം നൽകി.

### III. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിന്മേൽ ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3442/സബ്.സി.ഡി2/2015/നി.സെ.)

<u>ആഭ്യന്തര വകുപ്പ്</u> - ഖണ്ഡിക: 66

ബി. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4646/സബ്.സി.ഡി2/2016/നി.സെ.)

<u>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (AR-13) വകുപ്പ്</u> - ഖണ്ഡിക: 18, 92, 93

സി. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1986/സബ്.സി.ഡി2/2017/നി.സെ.)

(i) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.11) വകുപ്പ്- ഖണ്ഡിക: 11

(ii) ആഭ്യന്തര വകുപ്പ് -ഖണ്ഡിക: 94, 95, 96, 97

(iii) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് - ഖണ്ഡിക: 101

(iv) ശാസ്ത്ര സാങ്കേതിക വകുപ്പ്- ഖണ്ഡിക: 115, 116

(v) നിയമ വകുപ്പ്- ഖണ്ഡിക: 20, 21

**IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ.**

1. 2010-11 സാമ്പത്തിക വർഷം മുതലുള്ള ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 2061/ സബ്.സി.ഡി2/2011/നി. സെ.) &

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവധ റിപ്പോർട്ടുകളിന്മേൽ ആഭ്യന്തരവകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 4646/ സബ്.സി.ഡി2/2016/നി. സെ.)

2010-11 സാമ്പത്തിക വർഷം മുതലുള്ള ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ഇനിയും ലഭ്യമാക്കാത്ത വകുപ്പുകൾ പ്രസ്തുത റിപ്പോർട്ടുകൾ മൂന്നു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

പല വകുപ്പുകളും അധിക തുക ആവശ്യപ്പെടുകയും അതനുസരിച്ച് അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തതിനുശേഷം അധിക തുക ആവശ്യമായി വന്നില്ലെന്നോ, അധിക തുകയ്ക്ക് ധനകാര്യ വകുപ്പ് ശിപാർശ നൽകിയിട്ടില്ലെന്നോ ഉള്ള മറുപടികൾ സമിതിയ്ക്ക് ലഭ്യമാക്കുന്ന പ്രവണത ഏറിവരുന്നുവെന്ന് നിരീക്ഷിച്ച സമിതി, അധിക തുക ആവശ്യമുണ്ടെങ്കിലും, പ്രസ്തുത പ്രവൃത്തികൾ അതേ സാമ്പത്തിക വർഷം തന്നെ ചെയ്യാൻ കഴിയുമെന്ന് ഉറപ്പുണ്ടെങ്കിലും പ്രസ്തുത അധിക തുകക്കാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും മാത്രമേ അധിക തുക സമിതി മുമ്പാകെ ആവശ്യപ്പെടാവൂ എന്ന കാര്യത്തിൽ എല്ലാ വകുപ്പ് അധ്യക്ഷൻമാരും

ജാഗ്രത പുലർത്തണമെന്നും ആയത്ത സംബന്ധിച്ചും റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതിയ്ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ചും ഒരു സർക്കുലർ പുറപ്പെടുവിക്കണമെന്ന് ധനകാര്യ, പാർലമെന്ററികാര്യവകുപ്പ സെക്രട്ടറിമാരോട് നിർദ്ദേശിക്കാനും തീരുമാനിച്ചു.

## ധനകാര്യ വകുപ്പ്

3. ദി കേരള സർവ്വീസ് അമെന്റ്മെന്റ് റൂൾസ്, 2016-കരട് ചട്ടത്തിന്മേൽ സമിതി നിർദ്ദേശിച്ച ഭേദഗതി പുനഃപരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച്

(ഫയൽ നമ്പർ 956/ സബ്.സി.ഡി2/2017/നി. സെ.)

ദി കേരള സർവ്വീസ് അമെന്റ്മെന്റ് റൂൾസ് 2016 എന്ന കരട് ചട്ടം 17-7-2017-ലെ സമിതി യോഗം പരിഗണിക്കവേ സമിതി നിർദ്ദേശിച്ച ഭേദഗതികളിലെ "interest at the rate of 6%" എന്ന ഭേദഗതി അംഗീകരിച്ചാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും ആയതിനാൽ ആയത് പുനഃപരിശോധിക്കണമെന്നുമുള്ള ധനകാര്യ വകുപ്പിന്റെ ആവശ്യം സമിതി ചർച്ച ചെയ്തു.

ഭേദഗതി പുനഃപരിശോധിക്കുന്നതിനോട് പ്രതിപക്ഷ നേതാവ് രേഖാമൂലം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾക്ക് പലിശ അനുവദിക്കേണ്ടതില്ല എന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശം സമിതി അംഗീകരിച്ചു.

ഫയർ എഞ്ചിൻ വാഹനം തകരാറിലായതു സംബന്ധിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 608/സബ്.സി.ഡി2/2017/നി.സെ.)

ഫയർ എഞ്ചിൻ വാഹനം തകരാറിലായതു സംബന്ധിച്ച വിജിലൻസ് റിപ്പോർട്ടിൽ മൈനർ ലാപ്സ് വരുത്തിയതായി കണ്ടെത്തിയ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് ജീവനക്കാരായ ശ്രീ. ഇ.ബി. പ്രസാദ്, ശ്രീ. ഡി. ഉല്ലാസ്, ശ്രീ. എസ്. ഷാജി, ശ്രീ. ജി. മധു എന്നിവർക്ക് ശാസന നൽകി ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെന്നും ഉത്തരവാദിയായ പ്രധാന ഉദ്യോഗസ്ഥനും ഒരു സ്വകാര്യ വ്യക്തിക്കുമെതിരെ ക്രിമിനൽ കേസ് നിലനിൽക്കുന്നുണ്ടെന്നും ടി വിഷയം വിജിലൻസ് ഡിപ്പാർട്ട്മെന്റ് കോടതിയുമായി നേരിട്ട് നടത്തുന്ന കേസായതിനാൽ ക്രിമിനൽ കേസ് ചുമത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ ഡിപ്പാർട്ട്മെന്റിന് ലഭിക്കാൻ ബുദ്ധിമുട്ടാണെന്നും കേരള ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു.

റിപ്പോർട്ട് സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 12-6-2018 -ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒരു യോഗം 2018 ജൂൺ 12-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജെയിംസ് മാത്യു
2. ഡോ. എം. കെ. മുനീർ
3. ശ്രീ. സി. കെ. നാണു
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. രാജു എബ്രഹാം
6. ശ്രീ. ആർ. രാമചന്ദ്രൻ
7. ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീ. ബി. ജി. ഹരീന്ദ്ര നാഥ്, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. ശിവ ശങ്കർ. എം., സെക്രട്ടറി, വിവര സാങ്കേതിക വിദ്യാ വകുപ്പ്.
4. ശ്രീ. ബി. അശോക്, സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
5. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
6. ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
7. ശ്രീ. കെ. സുദർശനൻ, സ്പെഷ്യൽ സെക്രട്ടറി, പ്ലാനിംഗ് വകുപ്പ്.

8. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

9. ശ്രീമതി റ്റി. കെ. അജിത കുമാരി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

10. ശ്രീമതി. പി. സ്നേഹലത, അഡീഷണൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്.

11. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, രജിസ്ട്രാർ, കെ. എ. റ്റി.

12. ശ്രീ. കെ. ജനാർദ്ദനൻ, ജോയിന്റ് സെക്രട്ടറി, നോർക്ക.

സമിതി, 2018-ലെ കേരള ഹൈക്കോടതി(ഭേദഗതി) ബിൽ, പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട കരട് ചട്ടം, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2017-18 സാമ്പത്തിക വർഷം സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തിയ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**I. 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ**

(ഫയൽ നമ്പർ 3258/സബ്.സി.ഡി2/2018/നി. സെ.)

ബിൽ ഖണ്ഡം ഖണ്ഡമായി പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**II. കരട് ചട്ടം-പൊതുഭരണ വകുപ്പ്**

1. കേരള പബ്ലിക് സർവ്വീസ് (അമെൻമെന്റ്) സ്പെഷ്യൽ റൂൾസ്, 2018.

(ഫയൽ നമ്പർ 2857/സബ്.സി.ഡി2/2018/നി. സെ.)

(സർക്കാർ കത്ത് നമ്പർ സ്പെ.ഇ 1/53/2018/പൊ.ഭ.വ. തീയതി 15-5-2018)

വിവര പൊതുജന സമ്പർക്ക വകുപ്പിലെ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനം താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുള്ള പ്രൊമോഷൻ തസ്തികയിൽ നിന്നും മാറ്റി IAS ഉദ്യോഗസ്ഥരുടെ കേഡർ പോസ്റ്റ് ആക്കുന്നതിനുള്ളതാണ് ടി കരട് ചട്ടമെന്ന് പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദമാക്കി.

പബ്ലിക് റിലേഷൻസിൽ വൈദഗ്ദ്ധ്യമുള്ള ആളിനെ നിയമിച്ചാൽ പോരേയെന്നും ഡയറക്ടർ ഐ.എ.എസ്.കാരെ മാത്രം നിയമിച്ചാൽ മതിയെന്ന് പറയുന്നതിന്റെ കാരണമെന്തെന്നും ഇതു സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവ് ഉണ്ടോയെന്നും സമിതി ആരാഞ്ഞു.

കോടതി ഉത്തരവ് ഉണ്ടെന്നും, ഓൾ ഇന്ത്യ സർവ്വീസ് റൂൾസ് പ്രകാരം തയ്യാറാക്കിയ റെഗുലേഷനിലും, 1955-ലെ ഇന്ത്യൻ അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് റെഗുലേഷനിലും ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ് IAS കേഡറിലുള്ള ഓഫീസർ ആയിരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതെന്ന് നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു.

**III. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ**

(എ) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4646/സബ്.സി.ഡി2/2016/നി. സെ.)

**1. ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.)വകുപ്പ്**

റിപ്പോർട്ടിലെ 17-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ബി) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1986/സബ്.സി.ഡി2/2017/നി. സെ.)

റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

**1. കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

ഖണ്ഡിക 119

(സർക്കാർ കത്ത് നമ്പർ ബി1/217/2017/നോർക്ക, തീയതി 8-5-2018)

**2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ.11) വകുപ്പ്**

ഖണ്ഡിക 11

(സർക്കാർ കത്ത് നമ്പർ എ. ആർ.11-1/15/2017/ഉ.ഭ.പ.വ., തീയതി 4-5-2018)

**3. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ.12) വകുപ്പ്**

ഖണ്ഡിക 22

(സർക്കാർ കത്ത് നമ്പർ എ. ആർ.12(2)/42/2017/ഉ.ഭ.പ.വ., തീയതി 11-5-2018)

**4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ.13) വകുപ്പ്**

ഖണ്ഡിക 17,18, 102, 103

(സർക്കാർ കത്ത് നമ്പർ 50/എ. ആർ.13(1)/2017/ഉ.ഭ.പ.വ., തീയതി 11-5-2018)

**5. പാർലമെന്ററി കാര്യ വകുപ്പ്**

ഖണ്ഡിക 10

(സർക്കാർ കത്ത് നമ്പർ പാ. കാ. വ.എ 2/48/17/ പാ. കാ. വ., തീയതി 28-4-2018)

**6. വിജിലൻസ് വകുപ്പ്**

ഖണ്ഡിക 84, 85, 86, 87, 88, 89, 90, 91, 92, 93

(സർക്കാർ കത്ത് നമ്പർ 110/ സി3/18/വിജി. തീയതി 30-4-2018)

**7. ശാസ്ത്ര സാങ്കേതിക വകുപ്പ്**

ഖണ്ഡിക 115, 116

(സർക്കാർ കത്ത് നമ്പർ എ 2/134/2018/ശാ. സാ.വ., തീയതി 30-5-2018)

**8. പൊതുഭരണ ( അക്കൗണ്ട്സ് ബജറ്റ് വിംഗ്) വകുപ്പ്**

ഖണ്ഡിക 1, 2, 5, 6, 7, 8, 13

(സർക്കാർ കത്ത് നമ്പർ 1511734/ബി.ഡബ്ല്യു2/17/പൊ.ഭ.വ. തീയതി 11-6-2018)

**IV. കരട് റിപ്പോർട്ടുകൾ**

1. 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.

## 3-12-2018-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2018 ഡിസംബർ 3, തിങ്കളാഴ്ച ഉച്ചയ്ക്ക് സഭ പിരിഞ്ഞതിനുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

(1) ശ്രീ. ജെയിംസ് മാത്യു

(2) ശ്രീ. കെ. എം. മാണി

(3) ശ്രീ. സി. കെ. നാണു

(4) ശ്രീ. രാജു എബ്രഹാം.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

(1) ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

(2) ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

(3) ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :</u>

(1) ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

(2) ശ്രീ. ബിശ്വനാഥ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

(3) ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

(4) ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, സൈനിക് വെൽഫെയർ & പ്രിന്റിംഗ് സ്റ്റേഷനറി.

(5) ശ്രീ. ജി. അശോക് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

(6) ശ്രീമതി രാജശ്രീ കെ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

(7) ശ്രീ. രമേശൻ എം. കെ., അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(8) ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

(9) ശ്രീ. സാദിഖ് എം. കെ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

(10) ശ്രീ. ബി. ബോസ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

(11) ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

(12) ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

(13) ശ്രീ. നിസാർ എച്ച്., മെമ്പർ സെക്രട്ടറി, എൻ.ആർ.ഐ. കമ്മീഷൻ.

(14) ശ്രീ. കെ. ജനാർദ്ദനൻ, ജോയിന്റ് സെക്രട്ടറി, നോർക്ക വകുപ്പ്.

(15) ശ്രീ. ജയകുമാരൻ നായർ ആർ., ചീഫ് കെമിക്കൽ എക്സാമിനർ.

(16) ശ്രീ. സുകുമാരപിള്ള ജെ., എ.ഐ.ജി., പബ്ലിക് ഗ്രീവൻസസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്.

2018 നവംബർ മാസം 29-ാം തീയതി സഭയിൽ അവതരിപ്പിച്ച, 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കരട് ചട്ടങ്ങൾ, SRO വിജ്ഞാപനങ്ങൾ, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**I . ബിൽ പരിഗണന**

## 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

ബിൽ ഖണ്ഡം ഖണ്ഡമായി പരിശോധിച്ച സമിതി, ബില്ലിലെ 3-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കണമെന്ന ഭേദഗതിയോടെ ബിൽ അംഗീകരിച്ചു:

"3. <u>തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷകളെ സംബന്ധിച്ചും മറ്റു ചില സംഗതികളെ സംബന്ധിച്ചും ഉള്ള പ്രത്യേക വ്യവസ്ഥ.</u>—പ്രധാന ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതുു സംഗതി പോലെ, സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റികളുടെയോ മുമ്പാകെ പ്രധാന ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും, തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ സംബന്ധിച്ചും ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 112-ാം വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്."

സമിതി അംഗമായ ശ്രീ. കെ. എം. മാണി ബില്ലിന് വിയോജിപ്പ് രേഖപ്പെടുത്തി.

## II. കരട് ചട്ടങ്ങളുടെ പരിഗണന

### ധനകാര്യ വകുപ്പ്

1. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 143 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം

(ഫയൽ നമ്പർ 4053/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പെൻ ബി4/154/16/ഫിൻ. E3/63657/തീയതി 7-7-2018)

ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ നിയമന ശിപാർശയിലെയും നിയമന ഉത്തരവിലെയും വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ മെറിറ്റ് ക്വാട്ടയിലാണോ സംവരണ ക്വാട്ടയിലാണോ നിയമനം ലഭിച്ചതെന്നത് വ്യക്തമായി രേഖപ്പെടുത്തുന്നതിനായി ചട്ടം ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

2. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 63 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം

(ഫയൽ നമ്പർ 4517/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പെൻ ബി4/54/15/ഫിൻ. E1/22712/തീയതി 11-7-2018)

വിരമിക്കുന്ന സർക്കാർ ജീവനക്കാരുടെ Average emoluments കണക്കാക്കുന്നതിനുള്ള ചട്ടം ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

3. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 90(9), 118 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം

(ഫയൽ നമ്പർ 5090/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പെൻ ബി4/61/14/ഫിൻ. E3/4815/തീയതി 5-9-2018)

സർക്കാർ ജീവനക്കാരായ മാതാപിതാക്കൾ മരണപ്പെടുന്നതുമൂലം ലഭിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ മൈനറായ കുട്ടികൾക്ക് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി മൈനറായ കുട്ടികൾക്ക്, മുത്തച്ഛൻ/മുത്തശ്ശി ഉണ്ടെങ്കിൽ അവരിൽ നിന്നും മാതാപിതാക്കളെപ്പോലെതന്നെ defacto ഗാർഡിയൻഷിപ്പ് വാങ്ങി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചട്ടം ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

4. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 68, 90 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം

(ഫയൽ നമ്പർ 5388/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പെൻ ബി4/25/2018/ഫിൻ./E4/44634/തീയതി 19-9-2018)

20-1-2016-ലെ G.O.(P) No.9/2016/Fin. നമ്പർ പ്രകാരമുള്ള പെൻഷൻ പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ഭേദഗതി കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

5. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 90(6) ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം

(ഫയൽ നമ്പർ 6061/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പെൻ ബി4/66/15/ഫിൻ./E1/28713, തീയതി 1-10-2018)

മാതാപിതാക്കൾ, വിവാഹം കഴിക്കാത്ത ഇരുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ള പെൺകുട്ടികൾ, അംഗപരിമിതയായ വിവാഹബന്ധം വേർപെടുത്തിയ മകൾ, ഭർത്താവ് മരിച്ച അംഗപരിമിതയായ മകൾ എന്നിവർക്ക് ഫാമിലി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി 15,000 രൂപയിൽ നിന്നും 30,000 രൂപയാക്കി ഉയർത്തുന്നതിനും ചട്ടം 90, ഉപചട്ടം 7(i)-ൽ '.... and thereafter the family pension shall be resumed in favour of the son or unmarried daughter suffering from disorder or disability of mind....' എന്നു പറഞ്ഞിരിക്കുന്നതിൽ 'unmarried' എന്ന വാക്ക് ഒഴിവാക്കുന്നതിനും വേണ്ടി ഭേദഗതി വരുത്തിയ കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

6. കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 102 C ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം

(ഫയൽ നമ്പർ 6308/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ് ബി1/220/17-ധന.E5/62742/തീയതി 31-10-2018)

ജോലി സ്ഥലങ്ങളിൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്ന സംസ്ഥാന സർക്കാർ സർവ്വീസിലെ വനിതാ ജീവനക്കാർക്ക് അന്വേഷണം നടക്കുന്ന കാലയളവിൽ 90 ദിവസംവരെ ശമ്പളത്തോടുകൂടിയ സ്പെഷ്യൽ ലീവ് അനുവദിക്കുന്നതിനായി ഭേദഗതി വരുത്തിയ കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**പാർലമെന്ററി കാര്യ വകുപ്പ്**

7. മെമ്പേഴ്സ് ഓഫ് കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിങ് അഡ്വാൻസ്) (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 1408/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പാ.കാ.വ.എ.2/164/2018, പാ.കാ.വ., തീയതി 25-7-2018) &

8. മെമ്പേഴ്സ് ഓഫ് കേരള ലെജിസ്ലേറ്റീവ് അസംബ്ലി (അഡ്വാൻസ് ഫോർ ദ പർച്ചേസ് ഓഫ് വെഹിക്കിൾ) (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 1408/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പാ.കാ.വ.എ.2/114/2017, പാ.കാ.വ., തീയതി 25-7-2018)

കരട് ചട്ടങ്ങളിൽ ചില സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടെന്നും അതിനാൽ ടി കരട് ചട്ടങ്ങൾ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിച്ച സമിതി അപാകതകൾ പരിഹരിച്ച് കരട് ചട്ടം ഉടൻതന്നെ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

### നിയമ വകുപ്പ്

9. കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ്സ് (അമെന്റ്മെന്റ്) റൂൾസ്, 2018

(ഫയൽ നമ്പർ 4648/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ 9728/ഇൻസ്പെ4/2018/നിയമം, തീയതി 6-8-2018)

ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ പേരിൽ ഔദ്യോഗികമായോ വ്യക്തിപരമായോ പ്രതിയാക്കപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്കുവേണ്ടി സർക്കാർ അഭിഭാഷകൻ കോടതിയിൽ ഹാജരാകുന്നതിനായി വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ഗവ. ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ്സ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

10. കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ്സ് (ഭേദഗതി) റൂൾസ്, 2018

(ഫയൽ നമ്പർ 6546/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ 16865/ഇൻസ്പെ4/2018/നിയമം, തീയതി 15-11-2018)

മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിനുവേണ്ടി ഹാജരാകുന്ന ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 7,500 രൂപയായും കണക്റ്റഡ് കേസുകൾ വരുന്ന സാഹചര്യത്തിൽ ആയതിനുള്ള ഫീസ് 3,500 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതി കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

11. 2018-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ്സ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം

(ഫയൽ നമ്പർ 5451/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ 15902/ഇൻസ്പെ4/2018/നിയമം, തീയതി 26-9-2018)

സംസ്ഥാന സർക്കാരിനുവേണ്ടി സുപ്രീം കോടതി മുമ്പാകെ ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസൽമാരുടെ ഫീസ് വർദ്ധനവിന് 6-10-2017 മുതൽ പ്രാബല്യം നൽകുന്നതിനു വേണ്ടിയുള്ള ഭേദഗതി കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**കേരളീയ പ്രവാസികാര്യ വകുപ്പ്**

12. <u>2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ കമ്മീഷൻ ആക്ട് - കരട് ചട്ടം)</u>

(ഫയൽ നമ്പർ 1807/സബ്.സി.ഡി12./2016/നി.സെ.)

(സർക്കാർ കത്ത് നമ്പർ 275/ഡി2/2016/നോർക്ക, തീയതി 3-9-2018)

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്ടിലെ (2016-ലെ 3-ാം ആക്ട്) 20-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**വിജിലൻസ് വകുപ്പ്**

13. <u>സ്പെഷ്യൽ റൂൾസ് ഫോർ ദി സബോർഡിനേറ്റ് സർവ്വീസ് ഇൻ ദി യൂണിറ്റ് കംപ്രൈസിംഗ് ദി ഓഫീസസ് ഓഫ് ദി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ആന്റ് വിജിലൻസ് ട്രൈബ്യൂണൽസ് (അമെന്റ്മെന്റ്), 2018</u>

(ഫയൽ നമ്പർ 5848/സബ്.സി.ഡി12./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ 6938/സി13/15/വിജി., തീയതി 21-8-2018)

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജസ്, വിജിലൻസ് ട്രൈബ്യൂണലുകൾ എന്നീ ഓഫീസുകളിലേക്കുള്ള ഡ്രൈവർ ഗ്രേഡ് 2 നിയമനവുമായി ബന്ധപ്പെട്ട് വളരെ കുറച്ച് ഒഴിവുകൾ മാത്രമുള്ളതിനാൽ ആയതിലേക്ക് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നതുകൊണ്ടുള്ള അധിക സമയ, സാമ്പത്തിക വ്യയം ഒഴിവാക്കുന്നതിലേക്കായി വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികകളിൽ നിന്നും നിയമനം നടത്തുന്നത് സാദ്ധ്യമാക്കുന്നതിലേക്കായി പ്രസ്തുത തസ്തികയുടെ ഉയർന്ന പ്രായപരിധി 39 വയസ്സായി ഉയർത്തുന്നതിനായി വിജിലൻസ് ട്രൈബ്യൂണൽസിലെ വിശേഷാൽ ചട്ടം ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**III. എസ്.ആർ.ഒ. സാധൂകരണം**

**നിയമ വകുപ്പ്**

1. <u>2016-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) & കണ്ടക്ട് ഓഫ് കേസസ്സ് (ഭേദഗതി) ചട്ടങ്ങളുടെ സാധൂകരണം - എസ്.ആർ.ഒ. നമ്പർ796/2016</u>

(ഫയൽ നമ്പർ 4649/സബ്.സി.ഡി12./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ 24788/ഇൻസ്പെ4/2016/നിയമം, തീയതി 7-8-2018)

സ്റ്റേറ്റ് അറ്റോർണിയിന്മേൽ അഡ്വക്കേറ്റ് ജനറലിലുള്ള നിയന്ത്രണാധികാരം നീക്കം ചെയ്യുന്നതിനും, ഗവൺമെന്റ് ലാ ഓഫീസർമാരുടെ സേവനം പരമാവധി 60 വയസ്സുവരെയായി നിജപ്പെടുത്തിയിട്ടുള്ളതിൽ നിന്നും സ്റ്റേറ്റ് അറ്റോർണി, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ എന്നിവരെ ഒഴിവാക്കുന്നതിനുമായി പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിന് (SRO 796/2016) സമിതി ഭേദഗതി കൂടാതെ സാധൂകരണം നൽകി.

2. <u>2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ ഭേദഗതി ചെയ്യുകൊണ്ടുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 534/18)</u>

(ഫയൽ നമ്പർ 4910/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ 17767/കെ.എൽ.ബി.എഫ്2/17/നിയമം, തീയതി 21-7-2018)

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന്റെ വ്യവസ്ഥകൾ വിശദമാക്കികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 724/2016-ാം ഗസറ്റ് വിജ്ഞാപനത്തിലെ ചട്ടം 11(എ)യിലെ 1, 2 എന്നീ ഉപചട്ടങ്ങളിൽ നിന്നും " 2012 ഏപ്രിൽ 30-ന് മുമ്പായി" എന്ന വാക്കുകളും അക്കങ്ങളും ഒഴിവാക്കുന്നതിനായി പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിന് (SRO 534/2018) സമിതി ഭേദഗതി കൂടാതെ സാധൂകരണം നൽകി.

**ധനകാര്യ വകുപ്പ്**

3. <u>കെ.എസ്.ആർ. പാർട്ട് III ചട്ടം 14E ഭേദഗതി ചെയ്യുകൊണ്ടുള്ള വിജ്ഞാപനം സാധൂകരണം (എസ്.ആർ.ഒ. നമ്പർ 572/18)</u>

(ഫയൽ നമ്പർ 5105/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഇ-160561/പെൻ-ബി3/2016/ധന., തീയതി 4-9-2018)

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിനുമുമ്പുള്ള എയ്ഡഡ് സ്കൂൾ/കോളേജ് എന്നിവിടങ്ങളിലെ റഗുലർ സർവ്വീസ് നിബന്ധനകൾക്ക് വിധേയമായി പെൻഷന് പരിഗണിക്കുന്നതിന് വേണ്ടി കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 14E(a) & (b), എയ്ഡഡ് സ്കൂൾ/കോളേജ് ജീവനക്കാരുടെ മുൻകാല റഗുലർ/ഫുൾടൈം സർക്കാർ സർവ്വീസ് പെൻഷന് പരിഗണിക്കുന്നതിന് ചട്ടം 14E(c) എന്നിവയിന്മേൽ ഭേദഗതി ചെയ്യുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം (SRO 572/18) സമിതി ഭേദഗതി കൂടാതെ സാധൂകരിച്ചു.

**പൊതുഭരണ വകുപ്പ്**

4. <u>കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 304/18) സാധൂകരണം</u>

(ഫയൽ നമ്പർ 6124/സബ്.സി.ഡി2./2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ എസ്.എ.1/81/2017/പൊ.ഭ.വ., തീയതി 23-10-2018)

സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റായുള്ള തസ്തികമാറ്റ നിയമനത്തിന് അംഗീകൃത സർവ്വകലാശാല ബിരുദത്തിന് പുറമെ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ, അക്കൗണ്ടന്റ് ടെസ്റ്റ് ലോവർ എന്നീ പരീക്ഷകൾകൂടി അടിസ്ഥാന യോഗ്യതയാക്കി പുനർ നിർണ്ണയിച്ചുകൊണ്ടും താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നിയമനത്തിന്റെ അനുപാതം 2 ശതമാനത്തിൽ നിന്നും 4 ശതമാനമാക്കി ഉയർത്തിക്കൊണ്ടും കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയ വിജ്ഞാപനത്തിന് സമിതി ഭേദഗതി കൂടാതെ സാധൂകരണം നൽകി.

**IV. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

(A) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3442/സബ്.സി.ഡി2/2015/നി.സെ.)

പൊതുഭരണ (ഏകോപനം), ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ താഴെപ്പറയുന്ന ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു:

1. <u>പൊതുഭരണ (ഏകോപന) വകുപ്പ്</u>

   ഖണ്ഡിക നമ്പർ 16, 17

   (സർക്കാർ കത്ത് നമ്പർ സി.ഡി.എൻ5/47/18/പൊ.ഭ.വ., തീയതി 21-6-2018)

2. <u>ആഭ്യന്തര വകുപ്പ്</u>

   ഖണ്ഡിക നമ്പർ 26, 27, 28, 29, 37, 38, 39, 40

   (സർക്കാർ കത്ത് നമ്പർ 59039/സി3/15/ആഭ്യന്തരം, തീയതി 25-7-2018)

(B) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4646/സബ്.സി.ഡി2/2016/നി.സെ.)

ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ, ഖണ്ഡിക 27 മുതൽ 39 വരെയുള്ളവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(സർക്കാർ കത്ത് നമ്പർ 96541/സി5/16/ആഭ്യന്തരം, തീയതി 22-6-2018)

(C) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1986/സബ്.സി.ഡി2/2017/നി.സെ.)

വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ താഴെപ്പറയുന്ന ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു:

1. ഇലക്ട്രോണിക്സ്/വിവര സാങ്കേതിക വിദ്യാ വകുപ്പ്

   ഖണ്ഡിക 15, 16, 120, 121, 122, 123

   (സർക്കാർ കത്ത് നമ്പർ ഐ.ടി.സി1/86/2017/വി.സാ.വ., തീയതി 12-6-2018)

2. ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്

   ഖണ്ഡിക 31, 32

   (സർക്കാർ കത്ത് നമ്പർ 173/ഇ.എ 1/2017/ഇലക്., തീയതി 16-6-2018)

3. വിവര പൊതുജന സമ്പർക്ക വകുപ്പ്

   ഖണ്ഡിക 117, 118

   (സർക്കാർ കത്ത് നമ്പർ ബി2/12/2017/ഐ.പി.ആർ., തീയതി 1-6-2018)

4. നിയമ (പാർല) വകുപ്പ്

   ഖണ്ഡിക 12, 14, 19, 20, 21, 104

   (സർക്കാർ കത്ത് നമ്പർ 19686/പാർല/2017/നിയമം, തീയതി 8-8-2018)

5. ആഭ്യന്തര (സി) വകുപ്പ്

   ഖണ്ഡിക 23, 24, 25, 26, 27, 28, 29, 30 പൊതു ശിപാർശ 1, 2

   (സർക്കാർ കത്ത് നമ്പർ സി5/155/2018/ആഭ്യന്തരം, തീയതി 19-7-2018)

6. ആഭ്യന്തര (എഫ്) വകുപ്പ്

   ഖണ്ഡിക 105, 106, 107, 108, 109, 110, 111, 112, 113

   (സർക്കാർ കത്ത് നമ്പർ എഫ്2/223/17/ആഭ്യന്തരം, തീയതി 19-6-2018)

7. ഗതാഗത (ഡി) വകുപ്പ്

   ഖണ്ഡിക 124, 125, 126, 127

   (സർക്കാർ കത്ത് നമ്പർ 157/ഡി2/2017/ഗതാ., തീയതി 15-9-2018)

8. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

   ഖണ്ഡിക 3, 4

   (സർക്കാർ കത്ത് നമ്പർ സ്പെ.ഇ 1/78/2018/പൊ.ഭ.വ., തീയതി 4-10-2018)

(D) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1254/സബ്.സി.ഡി2/2018/നി.സെ.)

ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽ നിന്നും, ഖണ്ഡിക 113, 114, 115 എന്നിവയിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(സർക്കാർ കത്ത് നമ്പർ 133/എച്ച്2/2018/ഉ.വി.വ., തീയതി 27-10-2018)

**V. 'രാസപരിശോധനശാല-അനിവാര്യമായ വികസന പ്രവർത്തനങ്ങൾ' എന്ന വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്**

(ഫയൽ നമ്പർ 21/സബ്.സി.ഡി2/14/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 6, 8, 10 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 4/129/17/ആഭ്യന്തരം, തീയതി 9-7-2018)

**VI. കേരള ഫയർ & റെസ്ക്യൂ സർവ്വീസ് ബിൽ, 2017 രൂപീകരണം സംബന്ധിച്ച ഇടക്കാല മറുപടി**

(ഫയൽ നമ്പർ 1796/സബ്.സി.ഡി2/2011/നി.സെ.)

(സർക്കാർ കത്ത് നമ്പർ എഫ്2/132/17/ആഭ്യന്തരം, തീയതി 9-7-2018)

1962-ലെ ഫയർ ഫോഴ്സ് ആക്ടിൽ മാറ്റങ്ങൾ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഫയർ & റെസ്ക്യൂ സർവ്വീസസ് ബില്ലിന്റെ കരട് നിയമവകുപ്പുമായുള്ള ചർച്ചയ്ക്ക് ശേഷം ഉടൻ തന്നെ ലഭ്യമാകുന്നതാണെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇടക്കാല മറുപടി അംഗീകരിച്ച സമിതി, ബിൽ ഉടൻതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകി.

**VII. കേരള സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി സ്പെഷ്യൽ റൂൾ ഭേദഗതി-എം.എസ്.സി. ഫോറൻസിക് സയൻസ് യോഗ്യത കൂടി പരിഗണിക്കുന്നതിനായി ഇന്ത്യൻ ക്രിമിനോളജി & ഫോറൻസിക് സയൻസ് അസോസിയേഷൻ സെക്രട്ടറി സമർപ്പിച്ച അപേക്ഷ**

(ഫയൽ നമ്പർ 5934/സബ്.സി.ഡി2/2018/നി.സെ.)

സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ പരാതികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ ടി നിവേദനം ഹർജികൾ സംബന്ധിച്ച സമിതിക്ക് കൈമാറുന്നതിന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.30-ന് അവസാനിച്ചു.

# 19-2-2019-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2019 ഫെബ്രുവരി 19 ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

(1) ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.

(2) ശ്രീ. രാജു എബ്രഹാം, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

(1) ശ്രീ. എ.ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

(2) ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

(3) ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :</u>

(1) ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.

(2) ശ്രീ. ബിശ്വനാഥ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

(3) ശ്രീ. ജി. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

(4) ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

(5) ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, കേരളീയ പ്രവാസികാര്യ വകുപ്പ്.

(6) ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്.

(7) ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, വിവര സാങ്കേതികവിദ്യ വകുപ്പ്.

(8) ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.

(9) ശ്രീ. പി. എസ്. മുഹമ്മദ് സാജിർ, സെക്രട്ടറി-ഇൻ-ചാർജ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.

(10) ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, വിവരപൊതുജന സമ്പർക്ക വകുപ്പ്.

(11) ശ്രീ. സാജു ജോർജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

(12) ശ്രീ. എ. ഹേമചന്ദ്രൻ, ഡയറക്ടർ ജനറൽ, കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്.

(13) ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

(14) ശ്രീ. എ. ഷിബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

(15) ശ്രീ. എം. താജുദ്ദീൻ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(16) ശ്രീ. മുഹമ്മദ് ഇസ്മയിൽകുഞ്ഞ്, അഡീഷണൽ സെക്രട്ടറി, ഔദ്യോഗിക ഭാഷാ വകുപ്പ്.

(17) ശ്രീമതി ഇ. എൻ. ശ്രീലേഖ, അഡീഷണൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.

(18) ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

(19) ശ്രീ. എ. മുരളീധരൻ, ഡയറക്ടർ, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ്.

(20) ശ്രീ. ടി. വി. സുഭാഷ്, ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.

(21) ഡോ. എസ്. പ്രദീപ് കുമാർ, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ്.

(22) ശ്രീ. എച്ച്. നിസാർ, മെമ്പർ സെക്രട്ടറി, നോൺ റസിഡന്റ് ഇന്ത്യൻസ് കമ്മീഷൻ.

(23) ശ്രീ. ഡി. നാരായണൻ മൂത്തത്, ഫിനാൻസ് ഓഫീസർ, കേരള ഹൈക്കോർട്ട്.

(24) ശ്രീമതി സി. ശ്യാമളവല്ലി, കൺട്രോളർ ഓഫ് സ്റ്റേഷനറി.

(25) ശ്രീ. വി. രാമചന്ദ്രൻ പോറ്റി, മാനേജിംഗ് ഡയറക്ടർ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ.

(26) ശ്രീ. വി. അനിൽ കുമാർ, സെക്രട്ടറി, കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ.

(27) ശ്രീമതി മേരി മെലാനി നെട്ടാർ, സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം.

(28) ശ്രീ. ഋഷികേശ് നായർ, സി.ഇ.ഒ., ടെക്നോപാർക്ക്.

(29) ശ്രീ. സുഭാഷ് ജോൺ മാത്യു, ഡെപ്യൂട്ടി രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ II (സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ), III (നീതിന്യായ നിർവ്വഹണം), XII (പോലീസ്), XIV (സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും), XVII (വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം), XXIII (വാർത്താവിതരണവും പ്രചരണവും), XXIV (തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും), XXXVII (വ്യവസായങ്ങൾ) എന്നീ ധനാഭ്യർത്ഥനകളിലെ സബ്ജക്ട് കമ്മിറ്റി XIV-മായി ബന്ധപ്പെട്ട ശീർഷകങ്ങളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ കുറിപ്പുകൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

### പൊതുഭരണ വകുപ്പ്

2051—<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

2051-00-102-99—<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ വിഹിതം പരിശോധിച്ച സമിതി ജീവനക്കാർ, ദിവസ വേതനക്കാർ, കമ്മീഷൻ അംഗങ്ങൾ എന്നിവരുടെ ശമ്പളം, ക്ഷാമബത്ത, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, പി.എസ്.സി. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, ഓഫീസുകളിലെയും ഗസ്റ്റ് ഹൗസുകളിലെയും വൈദ്യുതി, കരം, ടെലിഫോൺ ചാർജ്, കെട്ടിട വാടക, വാഹന അറ്റകുറ്റപ്പണികൾ, ഇന്ധന ചാർജ്, പി.എസ്.സി. ബുള്ളറ്റിൻ/വജ്രജൂബിലി സ്പെഷ്യൽ പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു:

| | | |
|---|---|---|
| 01-1 — ശമ്പളം | - | 1.9883 കോടി രൂപ |
| 01-4 — മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | - | 9 ലക്ഷം രൂപ |
| 04-1 — യാത്രാബത്ത | - | 2.5350 കോടി രൂപ |
| 05-2 — വൈദ്യുതി ചെലവ് | - | 25 ലക്ഷം രൂപ |

| | | | |
|---|---|---|---|
| 05-3 | — ടെലിഫോൺ ചെലവ് | - | 67.25 ലക്ഷം രൂപ |
| 05-4 | — മറ്റിനങ്ങൾ | - | 4 കോടി രൂപ |
| 06 | — വാടക, കരം, നികുതി | - | 55 ലക്ഷം രൂപ |
| 07 | — പ്രസിദ്ധീകരണങ്ങൾ | - | 60 ലക്ഷം രൂപ |
| 17 | — ചെറുകിട മരാമത്തു പണികൾ | - | 1.155 കോടി രൂപ |
| 18 | — സംരക്ഷണം | - | 99.99 ലക്ഷം രൂപ |
| 21-1 | — മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 1 കോടി രൂപ |
| 21-2 | — സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 17.25 ലക്ഷം രൂപ |
| 28 | — തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | - | 21.2 കോടി രൂപ |
| 34-3 | — മറ്റിനം | - | 15 കോടി രൂപ |
| 45 | — പി.ഒ.എൽ. | - | 12 ലക്ഷം രൂപ |

2051-00-102-98—<u>പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണം</u>

ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2052—<u>സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ</u>

2052-00-090-99—<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

വേതനം, ക്ഷാമബത്ത, വാഹന അറ്റകുറ്റപ്പണികൾ, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു:

| | | |
|---|---|---|
| 02—വേതനം | - | 20 ലക്ഷം രൂപ |
| 05-3—ടെലിഫോൺ ചെലവ് | - | 10 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1 ലക്ഷം രൂപ |
| 34-3—മറ്റ് ചെലവുകൾ | - | 40 ലക്ഷം രൂപ |

2052-00-090-94—<u>പാകിസ്ഥാനിലേയും മറ്റ് വിദേശ രാജ്യങ്ങളിലേയും പൗരൻമാരെ സംബന്ധിച്ച ഏജൻസി ജോലികൾ</u>

01-4—<u>മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u>

മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

പുതിയതായി നിയമിതരായ കമ്മീഷണർമാരുടെ ഔദ്യോഗികാവശ്യത്തിലേയ്ക്ക് പുതിയ 4 വാഹനങ്ങൾ വാങ്ങുന്നതിനായി 21-1- മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451—<u>സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ</u>

3451-00-090-99—<u>സെക്രട്ടേറിയറ്റ്</u>

01-4—<u>മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u>

നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**നിയമ വകുപ്പ്**

2052-00-090-95—<u>നിയമവകുപ്പ്</u>

01-6 —<u>ഓവർടൈം അലവൻസ്</u>

നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട അധിക സമയ ജോലികൾ ചെയ്യുന്ന നിയമവകുപ്പിലെ

ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി 01-6 ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-95—<u>നിയമവകുപ്പ്</u>

45—<u>പി.ഒ.എൽ.</u>

ഇന്ധന ചെലവിനത്തിലേക്ക് നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്**

2052-00-090-66—<u>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്</u>

നടപ്പുവർഷം നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-092-81—<u>ഭരണ പരിഷ്കാര കമ്മീഷൻ</u>

കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, വാഹനങ്ങളുടെ വാടക, കമ്മീഷന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്ന പ്രൊഫഷണൽ ഏജൻസികളുടെ സേവനത്തിനുള്ള ചെലവ് എന്നിവകൾക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി **01-4 മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്** എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും **28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ** എന്ന ശീർഷകത്തിൽ 18 ലക്ഷം രൂപയും **97-വാഹനങ്ങളുടെ വാടക** എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-101-69—<u>സംസ്ഥാന പരിശീലന നയം - പരിശീലന പരിപാടി</u>

സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 16.72 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഗുഡ് ഗവേണൻസ് സെന്റർ ആരംഭിക്കുക, നവ കേരള സൃഷ്ടിക്കായി ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുക, ഓൺലൈൻ ട്രെയിനിംഗ് പോർട്ടൽ തുടങ്ങുക, ഫാക്കൽറ്റികൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക എന്നീ ആവശ്യങ്ങൾക്കായി ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം 11,5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

### ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34—മറ്റ് ചെലവുകൾ

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വകുപ്പിന്റെ വെബ്സൈറ്റിന്റെ നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 34 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (KDISC)

K-DISC പൂർണ്ണമായി പ്രവർത്തനക്ഷമമായ സാഹചര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനും, ജീവനക്കാർക്ക് അലവൻസ് നൽകുന്നതിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

### ആഭ്യന്തര വകുപ്പ്

2014-00-102-99—ഹൈക്കോടതി

05-3—ടെലിഫോൺ ചെലവ്

വിരമിച്ച ചീഫ് ജസ്റ്റിസുമാർക്കും, ജഡ്ജിമാർക്കും പുതിയ ഗാർഹിക ടെലിഫോൺ കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ ഈ ചെലവ് കൂടി വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 12.37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-102-99—ഹൈക്കോടതി

21—മോട്ടോർ വാഹനങ്ങൾ 1-വാഹനം വാങ്ങൽ

ജഡ്ജിമാരുടെ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ആംബുലൻസ്, മിനിവാൻ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 4.3999 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-102-99—ഹൈക്കോടതി

34-3—മറ്റിനം

വിരമിച്ച ചീഫ് ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് റിട്ടയറൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ 56 ലക്ഷം രൂപ ആവശ്യമുള്ളതിനാലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-3—ടെലിഫോൺ ചെലവ്

ഇ-കോടതി പദ്ധതിയുടെ ഭാഗമായി 122 കോടതികളിലെ VPN ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, 20 കോടതികളിലെ ലീസ്ലൈൻ കണക്റ്റിവിറ്റി എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 23.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1—വാഹനം വാങ്ങൽ

തളിപ്പറമ്പ്, പുനലൂർ, തിരൂർ എന്നിവിടങ്ങളിലെ ട്രിബ്യൂണലുകൾക്ക് പുതിയ വാഹനം വാങ്ങുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 23.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-108-99—ക്രിമിനൽ കോടതികൾ

21-1—വാഹനം വാങ്ങൽ

തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കൽപ്പറ്റ, തലശ്ശേരി എന്നീ കോടതികളിലെ പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-97—അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിനും കെട്ടിട നിർമ്മാണം നടത്തുന്നതിനുമായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-117-99—കുടുംബ കോടതികൾ

21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

10 കുടുംബ കോടതികളിലെ പഴയ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും 8 കുടുംബ കോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1.44 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—വാഹനം വാങ്ങൽ

വിവിധ കേന്ദ്രങ്ങളിലേക്കായി 15 പുശ് വാഹനങ്ങൾ വാങ്ങുന്നതിനും പഴയ 5 വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

കീഴ്ക്കോടതികളിൽ സാങ്കേതിക മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.0774 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കോടതിയുടെ സമീപത്ത് തന്നെ ജഡ്ജിമാർക്ക് താമസ സൗകര്യം ഒരുക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശത്തിന്മേൽ എന്ത് നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കാൻ സമിതി ആവശ്യപ്പെട്ടപ്പോൾ പ്ലാനിംഗ് വകുപ്പ് 1600 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുന്നുണ്ടെന്നും, അതിൽ ജുഡീഷ്യറിക്കുവേണ്ട ഇൻഫ്രാസ്ട്രക്ച്ചർ, കോർട്ട് കോംപ്ലക്സ്, താമസസ്ഥലം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, സർക്കാർ സ്ഥലം ലഭ്യമല്ലായെങ്കിൽ സ്ഥലം വാങ്ങി സൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിയമ വകുപ്പ്**

2014-00-110-99—അഡ്മിനിസ്ട്രേറ്റർസ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും

ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-99—ലാ ഓഫീസർമാർ

നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിലായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി മൊത്തം 1.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | |
|---|---|
| 05-2—വൈദ്യുതിചെലവ് | - 5 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | - 20 ലക്ഷം രൂപ |
| 34-3—മറ്റ് ചെലവുകൾ | - 1 കോടി രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - 39 ലക്ഷം രൂപ |

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്

പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-93—<u>കേരള സംസ്ഥാന നിയമ സഹായ സമിതി (കെൽസ)</u>

ജഡ്ജിമാരുടെയും ഓഫീസ് ജീവനക്കാരുടെയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 01-4—മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് | - | 5 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | - | 2 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | - | 90,000 രൂപ |
| 04-4—അവധി യാത്രാനുകൂല്യം | - | 20 ലക്ഷം രൂപ |
| 05-3—ടെലിഫോൺ ചെലവ് | - | 4 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | - | 9.49 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | - | 15.05 ലക്ഷം രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ - വാങ്ങൽ | - | 1.1199 കോടി രൂപ |
| 21-2—സംരക്ഷണവുംഅറ്റകുറ്റപ്പണികളും | - | 5.43 ലക്ഷം രൂപ |
| 34—മറ്റ് ചെലവുകൾ | - | 25.2 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - | 4 ലക്ഷം രൂപ |

2014-00-114-92—<u>സ്ഥിര ലോക അദാലത്ത് (പി.എൽ.എ.)</u>

ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | |
|---|---|
| 01—ശമ്പളം | - 20 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റബത്ത | - 9,000 രൂപ |
| 04-4—അവധി യാത്രാനുകൂല്യം | - 90,000 രൂപ |
| 05-3—ടെലിഫോൺ ചെലവ് | - 12,000 രൂപ |
| 05-4—മറ്റിനം | - 5.8 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - 2.9 ലക്ഷം രൂപ |

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

2014-00-116-99—കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, കെട്ടിടങ്ങളുടെ വാടക, വാഹനങ്ങളുടെ ഇന്ധന ചെലവ് എന്നീ ആവശ്യങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | |
|---|---|
| 01-4—മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | - 4.73 ലക്ഷം രൂപ |
| 06—വാടക, കരം, നികതി | - 10 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | - 4.5 ലക്ഷം രൂപ |

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

**ആഭ്യന്തര വകുപ്പ്**

2070-00-107-99—ഹോംഗാർഡ്സ്

02-5—ദിവസവേതനം

പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുന്നതിനായി നിലവിലുള്ള ഹോം ഗാർഡുമാരുടെ എണ്ണം മൂവായിരത്തിൽ നിന്ന് അയ്യായിരമായി ഉയർത്തുന്നതിനും ഹോംഗാർഡുമാരുടെ ദിവസവേതനം 750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 21000 രൂപ വീതം നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

(01)—<u>ജില്ലാ ജീവനക്കാർ</u>

വെള്ളക്കരം, കെട്ടിട വാടക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 05—ഓഫീസ് ചെലവുകൾ 1-വെള്ളക്കരം | - | 10 ലക്ഷം രൂപ |
| 3—ടെലിഫോൺ ചെലവ് | - | 3 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | - | 15 ലക്ഷം രൂപ |
| 34—മറ്റ് ചെലവുകൾ 3-മറ്റിനം | - | 5 ലക്ഷം രൂപ |

2070-00-108-97—<u>പരിശീലനം</u>

വിയ്യൂർ ഫയർ ആൻറ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയിലെ ജീവനക്കാരുടെ യാത്രാച്ചെലവുകൾ, ദൈനംദിന ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 04-1—യാത്രാബത്ത | - | 1 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ 1-വെള്ളക്കരം | - | 5000 രൂപ |
| 4—മറ്റിനങ്ങൾ | - | 50,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | - | 3 ലക്ഷം രൂപ |

2070-00-108-94—<u>അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം</u>

അഗ്നിശമന സേനയുടെ നവീകരണത്തിനായി നടപ്പുവർഷം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ബൃഹത്തായ കർമ്മ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും വാങ്ങുന്നതിനും നിലവിലെ വിഹിതം

അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 37.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## അച്ചടി വകുപ്പ്

4058—സ്റ്റേഷനറിയും അച്ചടിയും ഇവയ്ക്കുള്ള മൂലധനചെലവ്

4058-00-103-95—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് ഡോക്യുമെന്റിലെ പ്ലാൻ റൈറ്റപ്പ് പ്രകാരമുള്ള മെഷീനുകൾ വാങ്ങുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.38 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും ഓഫീസിലെ ടെലിഫോൺ ചാർജ്ജ്, ലോഡിംഗ്/അൺലോഡിംഗ് തൊഴിലാളികളുടെ വേതനം, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം മതിയാകില്ല എന്ന് വിലയിരുത്തിയ സമിതി, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 01-6—ഓവർ ടൈം അലവൻസ് | - | 5 കോടി രൂപ |
| 05-3—ടെലിഫോൺ ചെലവ് | - | 2 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | - | 12 ലക്ഷം രൂപ |
| 24—സാധനസാമഗ്രികൾ | - | 1.75 കോടി രൂപ |

## സ്റ്റേഷനറി വകുപ്പ്

2058-00-001-99—നടത്തിപ്പ്

പാർട്ട് ടൈം സ്വീപ്പർമാർക്ക് വേതനം നൽകുന്നതിനും, ഓഫീസ് കെട്ടിടത്തിന്റെ വാടകയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും, വാഹനം വാങ്ങൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ ദൈനംദിന ഓഫീസ് ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 02—വേതനം | - | 5 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | - | 10 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | - | 4 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | - | 10 ലക്ഷം രൂപ |
| 21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 50,000 രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - | 10 ലക്ഷം രൂപ |

2058-00-101-99—<u>സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ 18 - സംരക്ഷണം</u>

വേയ്ബ്രിഡ്ജ്, കമ്പ്യൂട്ടർ, പേപ്പർ ടെസ്റ്റിംഗ് ലാബിലെ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2058-00-101-99-24—<u>സാധനസാമഗ്രികൾ</u>

സർക്കാർ ഓഫീസുകൾക്കും, പ്രസ്സുകൾക്കും ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ മതിയായ തോതിൽ വാങ്ങാൻ കഴിയാത്തതുകൊണ്ട് പല ഓഫീസുകൾക്കും ലോക്കൽ പർച്ചേസിനെ ആശ്രയിക്കേണ്ടി വരുന്നുണ്ടെന്നും ആയത് സർക്കാരിന് അധിക ബാധ്യത ഉണ്ടാക്കുന്നതായും വിലയിരുത്തിയ സമിതി, ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്**

2070-00-003-97—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം -ശമ്പളേതരം</u>

ഐ.എം.ജി.-യുടെ തിരുവനന്തപുരത്തും കൊച്ചിയിലും, കോഴിക്കോട്ടും ഉള്ള മേഖലാ കേന്ദ്രങ്ങളിലെ ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യം മെച്ചപ്പെടുത്തുക, പരിശീലന ഉപകരണങ്ങൾ മെച്ചപ്പെടുത്തുകയും പുതിയത് വാങ്ങുകയും ചെയ്യുക, പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ സർക്കാർ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനവും ഓറിയന്റേഷൻ പരിശീലനവും നടപ്പിലാക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 6.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്- 31-സഹായധനം-ശമ്പളം

ജീവനക്കാർക്ക് ശമ്പളവും ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ് തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.4125 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ്**

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഔദ്യോഗിക ഭാഷാ ആക്ടിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ, ഭാഷാമാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 24.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**നിയമ വകുപ്പ്**

2070-00-119-98—ഔദ്യോഗികഭാഷാ കമ്മീഷൻ

ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും യാത്രാ ചെലവുകൾ, കെട്ടിട വാടക എന്നിവ അടക്കമുള്ള മറ്റ് അത്യാവശ്യ ഓഫീസ് ചെലവുകൾ വഹിക്കുന്നതിലേക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 01—ശമ്പളം | - | 17.17 ലക്ഷം രൂപ |
| 04—യാത്രാച്ചെലവുകൾ | - | 1.67 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | - | 2.85 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | - | 40,000 രൂപ |
| 26—ഔദ്യോഗികഭാഷാ പ്രയോഗം | - | 10,000 രൂപ |

# ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

## ശാസ്ത്രസാങ്കേതിക വകുപ്പ്

3425—മറ്റ് ശാസ്ത്രീയ ഗവേഷണം

3425-60-200-89—സംയോജിത ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം, മുണ്ടൂർ-ധനസഹായം

സംയോജിത ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രത്തിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(01)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ

കൗൺസിലിനുകീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(02)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(03)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ - സ്കീമുകളും പരിപാടികളും

കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.67 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(04)—ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(07)—<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-ധനസഹായം</u>

31—<u>സഹായധനം-ശമ്പളം</u>

കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും നൽകുന്നതിനും ശാസ്ത്രജ്ഞന്മാർക്ക് ഏഴാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 8.8833 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-70—<u>ബയോടെക്നോളജി വികസനം</u>

ജൈവ സാങ്കേതിക വിദ്യാവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-67—<u>സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി-പ്രത്യേക പരിപാടികൾ</u>

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-63—<u>കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി</u>

കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും പദ്ധതി ചെലവുകൾക്കും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-55—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)</u>

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കെട്ടിടം, പ്രീഫാബ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗകര്യ വികസനങ്ങൾക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 55 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

## വിവരപൊതുജനസമ്പർക്ക വകുപ്പ്

2220—വാർത്താവിതരണവും പ്രചരണവും

2220-60-101-98—പ്രചരണ സാമഗ്രികൾ

2018-19 വർഷത്തെ കുടിശ്ശിക കൊടുക്കുന്നതിനും പുതിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

01—അച്ചടി മാധ്യമം

വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി ഇനത്തിൽ 2016 മുതലുള്ള കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമാവുകയില്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

പുതിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും 2018-19 വർഷത്തെ കുടിശ്ശിക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-97—പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്ര സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരും 60 വയസ് കഴിഞ്ഞവരും അവശത അനുഭവിക്കുന്നവരുമായ പത്ര പ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 3.56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം 1993

പെൻഷൻ കടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമ പദ്ധതി

പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999

പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 6.6120 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

### കേരളീയ പ്രവാസികാര്യ വകുപ്പ്

2230—തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യവികസനവും

2230 -01-103-28—പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

കമ്മീഷനിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 16-2-2019-ലെ 33/ഡി1/2019/പ്ലാനിംഗ് നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ധനാഭ്യർത്ഥന നമ്പർ XXVIII-ലെ 5475-00-190-99-വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-നെ സംബന്ധിക്കുന്ന കുറിപ്പ് സമിതി പരിഗണിയ്ക്കുകയും ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായുള്ള ഷെഡ്യൂൾ പ്രകാരം പ്രസ്തുത ശീർഷകം പരിഗണിക്കേണ്ട സബ്ജക്ട് കമ്മിറ്റി 11-ന് കൈമാറുവാൻ തീരുമാനിക്കുകയും ചെയ്തു.

പാർലമെന്ററികാര്യ വകുപ്പിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമാണെന്നും ആയതിനാൽ അധിക തുക ആവശ്യമില്ലെന്നും പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.20-ന് പിരിഞ്ഞു.

# 6-3-2019-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2019 മാർച്ച് 6 ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
2. ശ്രീ. സി.കെ. നാണു, എം.എൽ.എ.
3. ശ്രീ. ഉമ്മൻചാണ്ടി, എം.എൽ.എ.
4. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.
5. ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ.എ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ ;

1. ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീ. ടി.കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. ടീക്കാ റാം മീണ, അഡീഷണൽ ചീഫ് സെക്രട്ടറി & ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്.
4. ശ്രീ. കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
5. ശ്രീ. ഷാജു പി. കെ., സെക്രട്ടറി (ഇൻ-ചാർജ്), കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.
6. ശ്രീ. ലോക്നാഥ് ബെഹ്റ, സ്റ്റേറ്റ് പോലീസ് ചീഫ്.
7. ശ്രീമതി ആർ. ശ്രീലേഖ, ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്.

8. ശ്രീമതി യമുന വി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ശ്രീ. അനൂപ് എസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീ. അനിൽ കാന്ത്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.

11. ശ്രീ. ആനന്ദകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ്ക്വാർട്ടേഴ്സ്).

12. ശ്രീ. പി. വിജയൻ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ).

13. ശ്രീ. എച്ച്. വെങ്കിടേഷ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (വിജിലൻസ്).

14. ശ്രീ. എച്ച്. ഗോപകുമാർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ജയിൽ വകുപ്പ്.

15. ശ്രീ. തോംസൺ ജോസ്, അഡീഷണൽ അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ (പോലീസ് ഹെഡ്ക്വാർട്ടേഴ്സ്), പോലീസ് വകുപ്പ്.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന നമ്പർ IV (തെരഞ്ഞെടുപ്പുകൾ), XII (പോലീസ്), XIII (ജയിലുകൾ), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XLI ഗതാഗതം (വ്യോമഗതാഗതം) എന്നീ ധനാഭ്യർത്ഥനകളിലെ ശീർഷകങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ കറിപ്പുകൾ സമിതി പരിഗണിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IV—തെരഞ്ഞെടുപ്പുകൾ

### തദ്ദേശസ്വയംഭരണ വകുപ്പ് (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ)

2015—തെരഞ്ഞെടുപ്പുകൾ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഓഫീസിന്റെ പ്രവർത്തനം ഏപ്രിൽ മാസം മുതൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനാൽ 05-1—വെള്ളക്കരം എന്ന ശീർഷകത്തിൽ 90,000 രൂപയും 05-2—വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 4.5 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2020-ലെ തെരഞ്ഞെടുപ്പിനാവശ്യമായ 13912 മൾട്ടിപോസ്റ്റ് ഇ.വി.എം. മെഷീനുകൾ വാങ്ങുന്നതിനും, വെയർഹൗസ് അഭിവൃദ്ധിപ്പെടുത്തൽ, സംഭരണശേഷി വർദ്ധിപ്പിക്കൽ

എന്നിവയും 2019-20 സാമ്പത്തിക വർഷം നടത്തുന്ന ഉപതെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് നിയോഗിക്കുന്ന ഇ.സി.ഐ.എൽ. എഞ്ചിനീയർമാർക്ക് പ്രതിഫലം നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 32 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-110-99—<u>സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ</u>

2020-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുതിയ പഞ്ചായത്തുകളോ, മുനിസിപ്പാലിറ്റികളോ രൂപീകരിക്കുകയോ നിലവിലുള്ളവ പുനഃസംഘടിപ്പിക്കുകയോ ചെയ്യുന്നപക്ഷം ഈ ശീർഷകത്തിൽ കൂടുതൽ തുക അവശ്യമായി വരുമെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ഇലക്ഷൻ വകുപ്പ്**

2015-00-105-99—<u>ലോക് സഭ</u>

2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായി അധിക തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 27.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-106-99—<u>നിയമസഭ</u>

സംസ്ഥാന നിയമസഭയിലേക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണെന്നും നിലവിൽ മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ടെന്നും വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

**ആഭ്യന്തര വകുപ്പ്**

2055—<u>പോലീസ്</u>

2055-00-001—<u>ഭരണവും നടത്തിപ്പും</u>

99—<u>മേൽനോട്ടം</u>

05-3—<u>ടെലിഫോൺ ചെലവ്</u>

2018-19 സാമ്പത്തിക വർഷത്തിൽ 3.6 കോടി രൂപയോളം ചെലവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

05—<u>ഓഫീസ് ചെലവുകൾ - 4 -മറ്റിനങ്ങൾ</u>

പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള മറ്റ് ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 19 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18—<u>സംരക്ഷണം</u>

പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 4.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34-3—<u>മറ്റിനം</u>

2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ, എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 4.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45—<u>പി.ഒ.എൽ.</u>

പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2019-ലെ ലോക്സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് വാഹനങ്ങളുടെ ഇന്ധന ഉപഭോഗം കൂടുന്നതുകൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

04—<u>യാത്രാ ചെലവുകൾ - 1 -യാത്രാബത്ത</u>

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18—<u>സംരക്ഷണം</u>

കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 6.39 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-93—<u>ജീവനക്കാരുടെ പരിശീലനം</u>

പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഉൾപ്പെടെ മുഴുവൻ ജീവനക്കാർക്കും ട്രെയിനിംഗ് നൽകുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-99—<u>കുറ്റാന്വേഷണ വിഭാഗം</u>

18—<u>സംരക്ഷണം</u>

സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 47 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

04—<u>യാത്രാ ചെലവുകൾ - 1 -യാത്രാബത്ത</u>

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 2.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18—സംരക്ഷണം

എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45.2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-104-99—സായുധ പോലീസ്

04—യാത്രാ ചെലവുകൾ - 1 -യാത്രാബത്ത

ഇലക്ഷൻ, ശബരിമല ഡ്യൂട്ടി എന്നിവയുമായി ബന്ധപ്പെട്ട ടി.എ. ബില്ലുകൾ മാറുന്നതിനും, പുതിയ വനിതാ ബറ്റാലിയന്റെ രൂപീകരണം, 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പ് എന്നിവമൂലം ഈ ശീർഷകത്തിൽ കൂടുതൽ തുക അധികമായി വേണ്ടി വരുമെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 11.015 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ - 1 -വെള്ളക്കരം

മുൻകാല കുടിശ്ശിക തീർക്കുന്നതിലേക്കും 9 ബറ്റാലിയനിലേക്കുള്ള അടുത്ത സാമ്പത്തിക വർഷത്തെ ചെലവിനായും ഈ ശീർഷകത്തിൽ 1.9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18—സംരക്ഷണം

ഫണ്ടിന്റെ അപര്യാപ്തതമൂലം ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 23.67 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

19—യന്ത്രോപകരണങ്ങൾ

ബറ്റാലിയൻ യൂണിറ്റുകളിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 19—യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34—<u>മറ്റ് ചെലവുകൾ - 3-മറ്റിനം</u>

കേരളത്തിലെ 9 ബറ്റാലിയൻ യൂണിറ്റുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2019-ലെ ലോക് സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് ഈ ശീർഷകത്തിലുള്ള അധിക തുകയുടെ ആവശ്യകതയും ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പും കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2.54 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-104-98—<u>ഇന്ത്യ റിസർവ് ബറ്റാലിയൻ</u>

04—<u>യാത്രാച്ചെലവുകൾ - 1 -യാത്രാബത്ത</u>

ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്തും ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച കുടിശ്ശിക ബാധ്യത തീർക്കുന്നതിനും സാമ്പത്തിക വർഷാവസാനംവരെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21—<u>മോട്ടോർ വാഹനങ്ങൾ - 2 -സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45—<u>പി.ഒ.എൽ.</u>

ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെയും ഇന്ധനച്ചെലവ് വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ലോക്സഭാ

ഇലക്ഷനുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന അധിക ചെലവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 26.42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-109-99—<u>ജില്ലാസേന</u>

04—<u>യാത്രാചെലവുകൾ - 1 - യാത്രാബത്ത</u>

മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കടിശ്ശിക കൊടുത്ത് തീർക്കുന്നതിനും, 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസുകാർക്ക് ടി.എ. നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 20.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

05—<u>ഓഫീസ് ചെലവുകൾ-4 - മറ്റിനങ്ങൾ</u>

പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 9.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

17—<u>ചെറുകിട മരാമത്തുപണികൾ</u>

പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18—<u>സംരക്ഷണം</u>

പ്രളയം ബാധിച്ച ജില്ലകളിലെ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുന്നതിനും പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 67.47 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

19—<u>യന്ത്രോപകരണങ്ങൾ</u>

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21—<u>മോട്ടോർ വാഹനങ്ങൾ - 2- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവുകൾ കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 8.4614 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34-3—<u>മറ്റിനം</u>

ജില്ലാ പോലീസ് ഓഫീസുകളുടെ ദൈനംദിന ചെലവുകൾ, ശബരിമല തീർത്ഥാടന സമയത്തും മകരവിളക്ക് സമയത്തും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം നൽകൽ, 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 11.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-111-99—<u>റെയിൽവേ പോലീസ്</u>

04—<u>യാത്രാ ചെലവുകൾ - 1 - യാത്രാബത്ത</u>

മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കുടിശ്ശിക നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04—<u>യാത്രാ ചെലവുകൾ - 1 - യാത്രാബത്ത</u>

ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാലും 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യം കണക്കിലെടുത്തും ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-116-99—<u>ഫോറൻസിക് സയൻസ്</u>

18—<u>സംരക്ഷണം</u>

തൃശ്ശൂർ ഫോറൻസിക് സയൻസ് ലാബിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4055—പോലീസ് സംബന്ധിച്ച മൂലധനച്ചെലവുകൾ

4055-00-207-96—പുതിയ പോലീസ് സ്റ്റേഷനുകൾ

പുതിയ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2.684 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4055-00-207-89—പോലീസ് ആസ്ഥാനമന്ദിരങ്ങളുടെ നിർമ്മാണം

പോലീസ് ആസ്ഥാന മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 8.8303 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പോലീസ് വകുപ്പിലെ മേജർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം 88.0419575 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**വാർഷിക പരിപാലന കരാർ (AMC)**

പോലീസ് വകുപ്പിന്റെ ആധുനീകരണത്തിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള വിലയേറിയ ഉപകരണങ്ങളുടെയും, നവീന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഫോറൻസിക് ഉപകരണങ്ങളുടെയും, സുരക്ഷാഉപകരണങ്ങളുടെയും മറ്റ് ആശയ വിനിമയ ഉപകരണങ്ങളുടെയും പ്രവർത്തന കാലാവധി ദീർഘിപ്പിക്കുന്നതിനും കുറഞ്ഞ കാലയളവിൽ വീണ്ടും പ്രസ്തുത ഉപകരണം വാങ്ങുന്നതുമൂലമുള്ള അധിക ബാധ്യത ഒഴിവാക്കുന്നതിനും ഉപകരണങ്ങൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി സൂക്ഷിക്കുന്നതിനും പ്രസ്തുത ഉപകരണങ്ങളുടെ വാറന്റി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അവ ലഭ്യമാക്കിയ ഏജൻസിയുമായി വാർഷിക പരിപാലന കരാർ (AMC) ഉണ്ടാക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തി.

നിലവിൽ വാർഷിക പരിപാലന കരാറിനുള്ള ചെലവ് നിർവ്വഹിക്കുന്നതിന് 19—യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ, വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നതിനും ലൈസൻസ് ഫീ നൽകുന്നതിനുമായി പുതിയ ശീർഷകം അനുവദിച്ച് അതിൽ ആനുപാതികമായ തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**വിജിലൻസ് വകുപ്പ്**

2062—വിജിലൻസ്

2062-00-104-98—വിജിലൻസ് വകുപ്പിന്റെ നവീകരണം

വിജിലൻസിന്റെ വയനാട് യൂണിറ്റിനുവേണ്ടി കപ്പാടി വില്ലേജിൽ കെട്ടിടം

നിർമ്മിക്കുന്നതിനായി 2 കോടി രൂപയും, തിരുവനന്തപുരം മുട്ടത്തറയിൽ വിജിലൻസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 15 കോടി രൂപയും, വിജിലൻസ് ഡയറക്ടറേറ്റിലെ സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിനായി നിലവിലെ പ്രധാന കെട്ടിടത്തിന് മുകളിൽ ലൈറ്റ് റൂഫ് സ്ഥാപിക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 1 കോടി രൂപയും അടക്കം ഈ ശീർഷകത്തിൽ ആകെ 18 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-104-99—<u>വിജിലൻസ്</u>

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടക, വെള്ളക്കരം, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, സ്ഥലംമാറ്റബത്ത തുടങ്ങിയ ചെലവുകൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 04-2—സ്ഥലമാറ്റബത്ത | - | 2 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | - | 1 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | - | 15 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | - | 5 ലക്ഷം രൂപ |
| 15—രഹസ്യസേവനച്ചെലവുകൾ | - | 15 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 5 ലക്ഷം രൂപ |

2062-00-105-94—<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

04-2—<u>സ്ഥലംമാറ്റബത്ത</u>

നിലവിൽ ഒഴിവുള്ള എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ തസ്തികയിലേക്ക് നിയമിതനാകുന്ന ഓഫീസർക്ക് ട്രാൻസ്ഫർ ഗ്രാന്റ് നൽകുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ, പ്രസ്തുത ചെലവ് കൂടി പരിഗണിച്ച് ഈ ശീർഷകത്തിൽ 70,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-97—എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

കമ്പ്യൂട്ടർവൽക്കരണം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062 -00- 105-90—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

01-4—മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ്

നിലവിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

02-5—ദിവസ വേതനം

ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

04-1—യാത്രാബത്ത

ക്യാംപ് സിറ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി പോകുന്ന ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനും മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45—പി.ഒ.എൽ.

വിജിലൻസ് കേസുകൾ കൈകാര്യം ചെയ്യുന്ന എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ നടക്കുന്ന ക്യാമ്പ് കോടതികളിൽ പങ്കെടുക്കുന്നതിനായി ഓഫീസ് വാഹനങ്ങൾ നിരന്തരമായി ഉപയോഗിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062 -00- 105-89—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി

06—വാടക, കരം, നികുതി

ഓഫീസ് പ്രവർത്തനം ആരംഭിച്ച 20-2-2016 മുതലുള്ള കെട്ടിട വാടക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062 -00- 105-99—വിജിലൻസ് ട്രിബ്യൂണൽ

04-1—യാത്രാബത്ത

മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2012 ഡിസംബർ മുതൽ തിരുവനന്തപുരം തൈയ്ക്കാട് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വിജിലൻസ് ട്രൈബ്യൂണലിന് പ്രതിവർഷം ഏകദേശം 7.10 ലക്ഷം രൂപ വാടക ഇനത്തിൽ ചെലവഴിക്കേണ്ടിവരുന്നുണ്ടെന്നും, വിജിലൻസ് ട്രൈബ്യൂണലിന് സ്ഥിരം മന്ദിരം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുവാൻ സർക്കാർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ ബോധിപ്പിച്ചു. ആയതിനാൽ, വാടക ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനായി വിജിലൻസ് ട്രൈബ്യൂണലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്കായി പുതിയ ശീർഷകം അനുവദിച്ച്, അതിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-103-99—കേരള ലോകായുക്ത, 1998

01-4—മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ മാറിനൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

04- 4—അവധി യാത്രാനുകൂല്യം

ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21-1—<u>വാഹനം വാങ്ങൽ</u>

അടിയന്തര ആവശ്യം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ക്യാമ്പ് സിറ്റിംഗുകളുമായി ബന്ധപ്പെട്ട് ഓഫീസ് വാഹനങ്ങൾ നിരന്തരം ഉപയോഗിക്കുന്നതിനാലും വാഹനങ്ങളുടെ കാലപ്പഴക്കം കാരണത്താലും അറ്റകുറ്റ പണികൾക്ക് കൂടുതൽ തുക ചെലവാകുന്നുണ്ടെന്നും ' ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**നിയമ വകുപ്പ്**

2055-00-108-99—<u>വിക്ടിം കോമ്പൻസേഷൻ ഫണ്ട്</u>

കുറ്റകൃത്യം നടന്ന് 15 ദിവസത്തിനുള്ളിൽ ഇടക്കാല നഷ്ടപരിഹാരം നൽകുന്നതിനും യഥാസമയം തന്നെ നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

2056—<u>ജയിലുകൾ</u>

2056-00-001-98—<u>ജയിലുകൾ നവീകരിക്കുന്നതിന്</u>

34-3—<u>മറ്റിനം</u>

തളിപ്പറമ്പ് സ്പെഷ്യൽ സബ്ജയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2056-00-101-99—<u>ജയിലുകൾ</u>

05-1—<u>വെള്ളക്കരം</u>

തടവുകാരുടെ ബാഹുല്യം നിമിത്തം ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം വളരെ കൂടുതലായതിനാൽ വെള്ളക്കരം ഇനത്തിൽ കൂടുതൽ തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34-3—<u>മറ്റിനം</u>

തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്നിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45—<u>പി.ഒ. എൽ.</u>

ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരുടെ ആശുപത്രി, കോടതി യാത്രകൾക്കും ജയിൽ വാഹനം ഉപയോഗിക്കുന്നതിനാലും ചില ജയിലുകളിൽ കാർഷിക ആവശ്യത്തിനായി ട്രാക്ടറും ജെ.സി.ബി.-യും ഉപയോഗിക്കുന്നതിനാലും ഇന്ധന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതായി വിലയിരുത്തിയ സമിതി ഇന്ധന വിലയിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

56—<u>ഭക്ഷണവും ധനസഹായവും</u>

തടവുകാരുടെ റേഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ലാത്തതിനാൽ പൊതുവിപണി വിലയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങേണ്ടിവരുന്നുവെന്നതും തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാരസാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയും കണക്കാക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

വടകര ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്തായിയെന്നും ഈ വർഷം തന്നെ നിർമ്മിക്കാൻ സാധിക്കില്ലേയെന്നും സമിതി ആരാഞ്ഞപ്പോൾ, വടകര ജയിലിനായി 60 സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും അതിന്റെ പ്ലാനും

എസ്റ്റിമേറ്റും തയ്യാറാക്കി കൊണ്ടിരിക്കുകയാണെന്നും തളിപ്പറമ്പ് സബ് ജയിൽ നിർമ്മാണത്തിനുള്ള തുകപോലും ലഭ്യമായിട്ടില്ലെന്നും നിലവിൽ തളിപ്പറമ്പ് സബ് ജയിലിനായി ആവശ്യപ്പെട്ടിരിക്കുന്ന 10 കോടി രൂപയിൽ 5 കോടി രൂപ തളിപ്പറമ്പ് സബ് ജയിലിന്റെയും 5 കോടി രൂപ വടകര ജയിലിന്റേയും നിർമ്മാണത്തിനായി വകയിരുത്തിയാൽ അവയുടെ നിർമ്മാണം തുടങ്ങി വയ്ക്കാമെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

5475-00-190-99—<u>വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്</u>

19-2-2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റി II-ന് കൈമാറാൻ തീരുമാനിക്കുകയും ചെയ്ത 5475-00-190-99 എന്ന ശീർഷകത്തിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കിയ കുറിപ്പ് സമിതി വീണ്ടും പരിഗണിച്ചു. പ്രസ്തുത ധനാഭ്യർത്ഥന സബ്ജക്ട് കമ്മിറ്റി XIV പരിഗണിക്കുന്നതായിരിക്കും ഉചിതമെന്ന ബഹു. നിയമസഭാ സ്പീക്കറുടെ നിർദ്ദേശവും അധിക തുക ആവശ്യമില്ലെന്ന വകുപ്പിന്റെ റിപ്പോർട്ടും അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XLI —ഗതാഗതം

3053—<u>സിവിൽ ഏവിയേഷൻ</u>

3053-02-190-99—<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിയ്ക്കുള്ള ഗ്രാന്റ്</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ള ഫണ്ട് സമാഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിയുടെ (കിയാപ്സ്) ദൈനംദിന ചെലവുകൾക്കും, സോഫ്റ്റ്‌വെയർ, വെബ്സൈറ്റ് എന്നിവ വികസിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5053—<u>സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ്</u>

5053-02-190-97—<u>കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് അനുബന്ധ നിർമ്മാണ പ്രവൃത്തികൾക്കും നിർമ്മാണ പ്രവർത്തനത്തോടനുബന്ധിച്ച് കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കും

നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 317.95 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5053-02-190-93—<u>കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ</u>

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 500.55 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാര തുക നൽകുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 2764.09 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053—<u>സിവിൽ ഏവിയേഷനുള്ള വായ്പകൾ</u>

7053-02-190-99—<u>തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, പുനരധിവാസ പാക്കേജ് എന്നിവയ്ക്കായും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിവിധ എൽ.എ.ആർ. കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 205 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ കമ്പനിക്ക് ലേലം ചെയ്തുനൽകുന്ന നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത നടപടിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ കേസ് ഫയൽ ചെയ്യുകയും ലേലനടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി 14-3-2019-ൽ ചേരുവാൻ നിശ്ചയിച്ചിരുന്ന യോഗം 13-3-2019 ലേയ്ക്ക് മാറ്റുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.10-ന് പിരിഞ്ഞു.

## 13-3-2019-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2019 മാർച്ച് 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. സി. കെ. നാണു, എം.എൽ.എ.

2. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.

3. ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. രാജു കെ.എ., ഡെപ്യൂട്ടി സെക്രട്ടറി.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 2.45-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.